*ദീനീ സേവനത്തെ ഒരു ദൈവിക അനുഗ്രഹമായി കരുതുക*
*അതിനു പകരം ഒരിക്കലും സമ്മാനം കാംക്ഷിക്കുന്നവരാകരുത്*
*(കലാമെ മഹ്മൂദ്)*

# ജമാഅത്ത് ഭാരവാഹികളുടെ ഉത്തരവാദിത്വങ്ങൾ


പ്രസാധനം :

**നസാറത്ത് ഉൽയാ**

**സദ്ർ അഞ്ചുമൻ അഹ്മദിയ്യാ ഖാദിയാൻ**

Jama'athBharavahikaludeUtharavadithwangal(Malayalam)
**Responsibilities of Jama'ath Office Bearers**
(Original) Uhdedaran-e -Jama'ath ki Zimmadariyan (Urdu)

Compiled & Published by :
Nazarath Ulya, Sadr AnjumanAhmadiyya Qadian
Pin 143516, Gurdaspur-Dt, Punjab-St, India

Malayalam Translation :
H.Shamsuddin Kavassrey/K.Najmuddin Muriyakkanni

First Edition :2019/ Copies : 500

Printed at :
Fazl e Umar Printing Press Qadian,
Pin 143516, Gurdaspur-Dt, Punjab-St, India

# ആമുഖം

അമീർ, സദ്ർ, സെക്രട്ടറിമാർ എന്നിവരുടെ ഉത്തരവാദിത്വങ്ങളും കടമകളും സംബന്ധിച്ച് വിവരണവും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് നൽകിയ നിർദ്ദേശങ്ങളും ഈ ലഘുലേഖയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. തിരഞ്ഞെടുപ്പ് സംബന്ധിച്ച ചട്ടങ്ങൾ ഉൾക്കൊള്ളുന്ന ലഘുലേഖ വേറെ തന്നെ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

അല്ലാഹു എല്ലാ ഭാരവാഹികൾക്കും ഹുസൂർ തിരുമനസ്സിന്റെ നിർദ്ദേശങ്ങളും പ്രതീക്ഷകളും നിറവേറ്റാനും അതനുസരിച്ച് സേവനം ചെയ്യാനും സൗഭാഗ്യം നൽകുമാറാകട്ടെ. ആമീൻ.

നാസിർ അഅ്ലാ ഖാദിയാൻ

# പ്രാരംഭം

ഖിലാഫത്ത് വ്യവസ്ഥിതി മനുഷ്യകുലത്തിന് വേണ്ടിയുള്ള വമ്പിച്ച മൂലധനമാകുന്നു. അതിൽ നിന്ന് പ്രയോജനമെടുത്തു കൊണ്ട്, മനുഷ്യന് മനുഷ്യന് ഭൗതിക ലോകത്ത് എത്തിപ്പിടിക്കാൻ സാദ്ധ്യമല്ലെന്ന് കരുതുന്ന അമൂല്യമായ ഖജനാവുകൾ സ്വായത്തമാക്കാൻ കഴിയുന്നതാണ്. ഈ പരിചയുടെ തണലിൽ മനുഷ്യന് തന്റെ ജീവിതലക്ഷ്യമായ ആത്മീയ ഉന്നതികൾ എത്തിപ്പിടിക്കാൻ കഴിയുന്നതാണ്.

ഇക്കാലഘട്ടത്തിൽ ഈ മഹത്തായ അനുഗ്രഹം വാഗ്ദത്ത മഹ്ദീ മസീഹ്(അ)ന്റെ പരിശുദ്ധ ജമാഅത്തിനു മാത്രമേ ലഭിച്ചിട്ടുള്ളൂ. അല്ലാഹു ഈ ജമാഅത്തിൽ ഖിലാഫത്ത് വ്യവസ്ഥ സ്ഥാപിച്ചിരിക്കുന്നു. വ്യക്തിപരവും സാമൂഹികവുമായ ഉന്നതിയും വിജയങ്ങളും ഈ ഖിലാഫത്തിന്റെ മാർഗനിർദ്ദേശങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു.

ഈ ഖിലാഫത്ത് വ്യവസ്ഥിതിയുടെ അനുഗ്രഹത്താൽ ജമാഅത്ത് അംഗങ്ങളുടെ ആത്മീയ പുരോഗതിക്കും വളർച്ചക്കും അവരെ മുഴുവൻ ഒരേ ചരടിൽ കോർത്തിണക്കാൻ വേണ്ടിയും ഒരു കേന്ദ്ര സംവിധാനം ഉണ്ട്. അത് ജമാഅത്തിലെ ഓരോ സ്ത്രീപുരുഷന്റേയും കുട്ടിയുടെയും ആത്മീയവും ഭൗതികവുമായ പുരോഗതിക്കുള്ള ജാമ്യമാകുന്നു. ഇതു തന്നെയാണ് നിസാമെ ജമാഅത്ത് (ജമാഅത്ത് വ്യവസ്ഥിതി) എന്ന് അറിയപ്പെടുന്നത്.

ജമാഅത്ത് വ്യവസ്ഥിതിയും ഖിലാഫത്ത് വ്യവസ്ഥിതിയും പ്രത്യക്ഷത്തിൽ ഒന്നു തന്നെയാകുന്നു. ഒന്ന് ശക്തിപ്പെടുകയും പ്രബലമാകുകയും ചെയ്യുന്നത് രണ്ടാമത്തേതിനേയും ശക്തമാക്കുകയും പ്രബലപ്പെടുത്തുകയും ചെയ്യുന്നതാണ്.

ജമാഅത്ത് വ്യവസ്ഥിതിയെ സംബന്ധിച്ചിടത്തോളം, അഹ്മദിയ്യാ ജമാഅത്ത്, നുബുവ്വത്തിന്റെ മാർഗത്തിലാണ് നിലകൊള്ളുന്നത്. അതുകൊണ്ട് ഈ വ്യവസ്ഥിതിയും ദൈവിക പ്രസ്ഥാനങ്ങളുടെ

സംവിധാനം തന്നെയാകുന്നു. ഈ സംവിധാനം, അല്ലാഹു പ്രവാചകന്മാർ മുഖേന ആരംഭം കുറിക്കുന്ന ഇത്തരം സംവിധാനത്തിൽ നബിക്കു ശേഷം അദ്ദേഹത്തിന്റെ അനുയായികളിൽ നിന്നുള്ള ഖലീഫമാർ മുഖേന അതിന് പുരോഗതിയും അഭിവൃദ്ധിയും നൽകുന്നതാണ്. എല്ലാ സുപ്രധാന കാര്യങ്ങളിലും ഖലീഫമാരും ജമാഅത്തിനോട് അഭിപ്രായം ആരായാൻ കൽപ്പിക്കപ്പെട്ടിരിക്കുന്നു. പക്ഷേ ഖിലാഫത്തിനുള്ള യഥാർഥ പിന്തുണ അല്ലാഹുവിന്റെ സഹായമാകുന്നു. അതുകൊണ്ടുതന്നെ അവർ അഭിപ്രായങ്ങൾ അനുസരിക്കാൻ ബാദ്ധ്യസ്ഥരല്ല. അവർ അല്ലാഹുവിന്റെ മാർഗനിർദ്ദേശവും പിന്തുണയും മുഖേനയാണ് ജമാഅത്ത് സംവിധാനം നടത്തുന്നത്.

അതായത് ഖലീഫമാർ ജമാഅത്ത് നൽകുന്ന അഭിപ്രായങ്ങൾ സ്വീകരിക്കാൻ ബാദ്ധ്യസ്ഥരല്ല. പക്ഷെ അവർ നൽകുന്ന ആജ്ഞകൾ പാലിക്കാൻ ജമാഅത്ത് ബാദ്ധ്യസ്ഥരാകുന്നു. ചുരുക്കിപ്പറഞ്ഞാൽ ഇതാണ് അഹ്മദിയ്യാ ജമാഅത്തിന്റെ സവിധാനം. നമ്മുടെ സംവിധാനത്തിന്റെ ശാശ്വതമായ ഭാഗവും കേവലം ഈ പരിധിയിൽ തന്നെ ഒതുങ്ങുന്നതാണ്. ഇതിനപ്പുറം ഒന്നുമില്ല. എങ്കിലും ഓരോ ശൃംഖലയും വിശദീകരണത്തിൽ വെവ്വേറെ വഴി ഉണ്ടാക്കുന്നതുപോലെ ചില വിശദമായ കാര്യങ്ങളിൽ അഹ്മദിയ്യാ ജമാഅത്തും ചില മാർഗങ്ങൾ അവലംബിക്കുന്നു. അതുകൂടി ഉൾപ്പെടുത്തിക്കൊണ്ട് അഹ്മദിയ്യാ ജമാഅത്തിന്റെ സംവിധാനത്തെ താഴെ ചേർക്കുന്ന രീതിയിൽ മനസ്സിലാക്കാവുന്നതാണ്.

i) **കാലത്തിന്റെ ഖലീഫ:** അദ്ദേഹമാണ് ജമാഅത്ത് വ്യവസ്ഥിതിയുടെ ശാശ്വതമായ കേന്ദ്ര ബിന്ദു. അദ്ദേഹം ഇസ്‌ലാമിക ശരീഅത്തിനും തന്റെ നേതാവിന്റെ (ഹദ്റത്ത് മസീഹ് മൗഊദ്[അ]ന്റെ)നിർദ്ദേശങ്ങൾക്കും എതിരിൽ യാതൊരു കൽപ്പനയും നൽകാൻ പാടില്ല (അങ്ങനെ സംഭവിക്കുകയില്ല) എന്ന നിബന്ധനയോടെ സർവാധികാരവും ഉള്ള ആളാകുന്നു.

ii) **സദ്ർ അഞ്ചുമൻ അഹ്മദിയ്യാ :** ഇത് ജമാഅത്തിന്റെ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനു വേണ്ടി കാലത്തിന്റെ ഖലീഫക്കു കീഴിൽ ഒരു കേന്ദ്ര പ്രവർത്തക സമിതിയാകുന്നു. ഇതിന്റെ വിവിധ വകുപ്പു ഇൻചാർജുമാർ ഉണ്ട്. അവർ നാസിർ എന്ന് അറിയപ്പെടുന്നു. ഇവരെ കൂടാതെ വകുപ്പുകളുടെ ഇൻചാർജു

മാരല്ലാത്തവരും കാലത്തിന്റെ ഖലീഫയുടെ ഉത്തരവ് പ്രകാരം ഈ കമ്മിറ്റിയിൽ അംഗങ്ങളാകാറുണ്ട്.

iii) **മജ്‌ലിസ് മുശാവറത്ത് :** ഇത് സദ്ർ അഞ്ചുമൻ അഹ്മദിയ്യായെ അപേക്ഷിച്ച് സന്തുലിതമായി കാര്യങ്ങൾ നടത്തുന്നതിനുള്ള ഒരു ഉപദേശക സമിതി എന്ന പോലെയുമാകുന്നു. പൊതുവിൽ വർഷത്തിൽ ഒരു തവണയാണ് ഈ സമിതിയുടെ മീറ്റിംഗ് നടത്താറുള്ളത്. ഈ സമിതി സദ്ർ അഞ്ചുമൻ അഹ്മദിയ്യക്കു കീഴിലല്ല. മറിച്ച് സദ്ർ അഞ്ചുമൻ അഹ്മദിയ്യാപോലെ തന്നെനേരിട്ട് കാലത്തിന്റെ ഖലീഫയുടെ കീഴിൽ ആകുന്നു. അതായത് സദ്ർ അഞ്ചുമൻ അഹ്മദിയ്യാ, സംവിധാന സമിതിയും മജ്‌ലിസ് മുശാവറത്ത്, രാജ്യത്തിലെ സുപ്രധാന കാര്യങ്ങളിൽ അഭിപ്രായങ്ങൾ നൽകാനുള്ള സമിതിയും ആകുന്നു.

iv) **തദ്ദേശ അഞ്ചുമനുകൾ :** അഹ്മദികൾ വസിക്കുന്ന ഓരോ പ്രദേശത്തും സ്ഥലത്തും (ചിലപ്പോൾ ജില്ലാ, സംസ്ഥാന, രാജ്യതലത്തിലും അഞ്ചുമനുകൾ ഉണ്ടാകാറുണ്ട്.) തന്താങ്ങളുടെ ചുരുങ്ങിയ വൃത്തത്തിൽ സദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ കർത്തവ്യങ്ങൾ നിറവേറ്റുന്നതാണ്. അതോടൊപ്പം മജ്‌ലിസ് മുശാവറത്തിലേക്ക് തങ്ങളുടെ പ്രദേശത്തു നിന്ന് പ്രതിനിധിയെ തിരഞ്ഞെടുത്ത് അയക്കുന്നതുമാണ്.

*(അവ: സിൽസില അഹ്മദിയ്യാ, പേജ്: 429...431)*

ചുരുക്കത്തിൽ ദൈവിക വാഗ്ദാനങ്ങൾക്കനുസൃതമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ ഖിലാഫത്ത് വ്യവസ്ഥിതിയോടൊപ്പം മേൽ സംവിധാനവും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ശക്തമായ അടിത്തറയിൽ നിലനിൽക്കുകയും ലോകം മുഴുവൻ പരക്കുകയും ചെയ്തിരിക്കുന്നു. അൽഹംദുലില്ലാഹ്.

# ഭാരവാഹിത്വത്തിന്റെ പ്രാധാന്യം

വിശുദ്ധ ഖുർആന്റേയും തിരുഹദീസുകളുടേയും വെളിച്ചത്തിൽ അല്ലാഹു വിശുദ്ധ ഖുർആനിൽ പലഭാഗത്തും വിശ്വസ്തതയെ സംബന്ധിച്ച് ഊന്നൽ നൽകുന്നു.

فَلْيُؤَدِّ الَّذِى اؤْتُمِنَ اَمَانَتَهٗ وَلْيَتَّقِ اللّٰهَ رَبَّهٗ

സൂക്ഷിപ്പുകാരനായി നിയോഗിക്കപ്പെട്ടവൻ തന്റെ അമാനത്ത് (സൂക്ഷിപ്പ് മുതൽ)ന്റെ കടമ നിർവഹിക്കേണ്ടതുമാണ്. തന്റെ നാഥനായ അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യട്ടെ. (2:284)

ഭയഭക്തി അവലംബിക്കുന്നവരുടെ ലക്ഷണമായി പറയുന്നു:

وَالْمُوْفُوْنَ بِعَهْدِهِمْ اِذَا عٰهَدُ

അവർ കരാർ ചെയ്യുമ്പോഴെല്ലാം അത് പൂർത്തിയാക്കുന്നവരുമാകുന്നു.(2:178)

മറ്റൊരിടത്ത് പറയുന്നു:

اِنَّ الْعَهْدَ كَانَ مَسْئُوْلًا

അതായത് എല്ലാ ഉടമ്പടികളെക്കുറിച്ചും ചോദ്യം ചെയ്യപ്പെടുന്നതാണ്. (17:35)

നബി തിരുമേനി(സ)ഉം ഉടമ്പടികൾ പാലിക്കാൻ വളരെയധികം താക്കീത് നൽകിയിരിക്കുന്നു.

ഹദ്റത്ത് അനസ്(റ)ൽ നിന്ന് നിവേദനം:

റസൂലുല്ലാഹ്(സ) പറയുന്നു: വിശ്വസ്തത (അമാനത്ത്) പുലർത്താത്തവനിൽ വിശ്വാസം (ഈമാൻ) ഇല്ല. വാഗ്ദാനത്തിൽ ശ്രദ്ധയില്ലാത്തവന്റെ ധാർമികത (ദീൻ) യിൽ ഒരു ഉറപ്പും ഇല്ല.

*(മിശ്കാത്ത്, കിത്താബുൽ ഈമാൻ)*

ഹദ്റത്ത് അബ്ദുല്ലാഹ് ബിനു ഉമർ(റ) നിവേദനം ചെയ്യുന്നു:

നബി(സ)തിരുമേനി പറഞ്ഞു: അല്ലാഹു ആരെയെങ്കിലും ഏതെങ്കിലും സമൂഹത്തിന്റെ (അത് വലിയ സമൂഹമാണെങ്കിലും ചെറുതാണെങ്കിലും) മേൽനോട്ടക്കാരനാക്കിയാൽ അതിൽ അല്ലാഹുവിന്റെ കൽപ്പനകൾ നടപ്പിൽ വരുത്തിയിരുന്നോ അതല്ല ആ സമൂഹത്തെ നശിപ്പിക്കുകയായിരുന്നോ എന്ന് അല്ലാഹു ഖിയാമത്ത്

നാളിൽ അയാളോട് ചോദിക്കുന്നതാണ്. അയാളുടെ വീട്ടുകാരെ സംബന്ധിച്ച് പ്രത്യേകമായും ചോദിക്കുന്നതാണ്.

*(മുസ്നദ് അഹ്മദ്)*

ഹദ്റത്ത് മുഅഖൽ ബിൻ യസാർ(റ) നിവേദനം ചെയ്യുന്നു:

ഞാൻ നബി(സ) ഇങ്ങനെ പറയുന്നതായി കേട്ടു: മുസ്‌ലിംകളുടെ കാര്യങ്ങളുടെ ഉത്തരവാദിയായിരുന്നിട്ടും അവരുടെ നന്മക്ക് വേണ്ടി പരിശ്രമിക്കാത്ത അമീർ മുസ്‌ലിംകളോടൊപ്പം സ്വർഗത്തിൽ പ്രവേശിക്കുന്നതല്ല. *(മുസ്‌ലിം)*

ഹദ്റത്ത് മുഅഖൽ ബിൻ യസാർ(റ) നിവേദനം ചെയ്യുന്നു:

ഞാൻ നബി(സ) പറയുന്നു: മുസ്‌ലിം സമൂഹത്തിന്റെ ഉത്തരവാദിത്വമുള്ള ആളാകുകയും പിന്നെ അക്കാര്യത്തിൽ വഞ്ചന കാണിക്കുകയും അതേ അവസ്ഥയിൽ തന്നെ മരണപ്പെടുകയും ചെയ്യുന്നവന് അല്ലാഹു സ്വർഗം നിഷിദ്ധമാക്കിയിരിക്കുന്നു. *(ബുഖാരി)*

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്) തങ്ങളുടെ ഉത്തരവാദിത്വങ്ങൾ പൂർത്തിയാക്കാൻ ഭാരവാഹികളെ ഉപദേശിച്ചുകൊണ്ട് പറയുന്നു:

ഓർക്കുക, ജമാഅത്തീ സേവനം ഒരു നിസ്സാരസേവനമാണെന്ന് കരുതരുത്. ഉപരിപ്ലവമായി എടുക്കുകയുമരുത്. നമ്മിൽ ഓരോരുത്തരും അവർ ഭാരവാഹികളാണെങ്കിലും സാധാരണ അഹ്മദിയാണെങ്കിലും ശരി, ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുമെന്ന് ശപഥം ചെയ്തവരാണ്. ഒരാൾ ദീനിന്റെ സേവനം അല്ലെങ്കിൽ ഭാരവാഹി എന്ന നിലയിൽ ഏതെങ്കിലും സേവനം ചെയ്യുന്നതിന് സന്നദ്ധനാകുമ്പോൾ അല്ലെങ്കിൽ പ്രസ്തുത സേവനത്തിന് നിയോഗിക്കപ്പെടുമ്പോൾ അയാൾ മറ്റുള്ളവരെക്കാളും കൂടുതലായി തന്റെ ശപഥം പൂർത്തിയാക്കാൻ കടമപ്പെട്ടയാ ളാണ്. മാത്രമല്ല ഓർക്കുക, അയാൾ ഈ ശപഥം അല്ലാഹുവിനോടാണ് ചെയ്തിട്ടുള്ളത്. അല്ലാഹു വിശുദ്ധ ഖുർആനിൽ പല സ്ഥലങ്ങളിലായി തങ്ങളുടെ ശപഥങ്ങൾ പൂർത്തിയാക്കാൻ പറഞ്ഞിരിക്കുന്നു.

ആയതിനാൽ എപ്പോഴും ഓർക്കുക, നിങ്ങൾ ഉത്തരവാദിത്വം ഏറ്റെടുത്തിട്ടുള്ള, നിങ്ങളെ ഏല്പിച്ചിരിക്കുന്ന അമാനത്തുകൾ നിങ്ങൾ ചെയ്ത ഉടമ്പടിയാകുന്നു. അതുകൊണ്ട് തങ്ങളുടെ ഉടമ്പടികളും അമാനത്തുകളും പൂർത്തിയാക്കുക എന്ന് അല്ലാഹു

വളരെ വ്യക്തമായി നിർദ്ദേശിച്ചിരിക്കുന്നു. ഒരിടത്ത് അല്ലാഹു, തങ്ങളുടെ വാക്കുകളിൽ സത്യസന്ധരും തഖ്‌വയിലൂടെ ചരിക്കുന്നവരുടേയും ലക്ഷണമായി പറയുന്നു :

وَالْمُوْفُوْنَ بِعَهْدِهِمْ اِذَا عٰهَدُوْا (2:178)

അതായത് (അവർ) കരാർ ചെയ്താൽ തങ്ങളുടെ കരാർ പാലിക്കുന്നവരാണ്.

ആയതിനാൽ തങ്ങളുടെ വാക്കും പ്രവൃത്തിയും എത്രമാത്രം ഒരുപോലെയാണെന്ന് പ്രവർത്തകന്മാർ സ്വയം വിലയിരുത്തേണ്ടിയിരിക്കുന്നു.

*(ഖുത്ബ ജുമുഅ 15/07/2017)*

# ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്

ഭാരവാഹികളുടെ വോട്ടെടുപ്പിനും തിരഞ്ഞെടുപ്പിനും വിശുദ്ധ ഖുർആൻ ഒരു ഒരു പൊതു തത്ത്വം നിർദ്ദേശിക്കുന്നു.

إِنَّ اللّٰهَ يَأْمُرُكُمْ أَنْ تُؤَدُّوا الْأَمٰنٰتِ إِلٰٓى أَهْلِهَا

അതായത് തീർച്ചയായും അല്ലാഹു, അമാനത്തുകൾ (സൂക്ഷിപ്പുമുതൽ) അതിന്റെ യഥാർഥ അവകാശികൾക്ക് നൽകാൻ കൽപ്പിക്കുന്നു. (4:59)

ഇവിടെ അമാനത്ത് എന്നതിന്റെ വിവക്ഷ വോട്ടവകാശമാകുന്നു. അതായത് വോട്ടും ഒരു സൂക്ഷിപ്പ് മുതലാകുന്നു. അത് അതിന് ഏറ്റവും അനുഗുണനായ വ്യക്തിക്ക് നൽകേണ്ടതാണ്.

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) ജമാഅത്തിനെ ഉപദേശിച്ചുകൊണ്ട് പറയുന്നു:

വോട്ട് ചെയ്യുന്ന ഓരോരുത്തരും തങ്ങളുടെ വോട്ടിന്റേയും അഭിപ്രായത്തിന്റേയും അവകാശത്തിനുള്ള പ്രാധാന്യം മനസ്സിലാക്കേണ്ടതാണ്. എല്ലാത്തരം വ്യക്തിപരമായ ചായ്‌വിനും വ്യക്തിപരമായ താൽപര്യത്തിനും വ്യക്തിബന്ധങ്ങൾക്കും ഉപരിയായി ഏതൊരു ആവശ്യത്തിനാണൊ ആരെയെങ്കിലും തിരഞ്ഞെടുക്കേണ്ടത് അതനുസരിച്ച് വോട്ട് നൽകുക. തിരഞ്ഞെടുപ്പിൽ അഭിപ്രായം നൽകുക മാത്രമാണ് ചെയ്യുന്നതെന്നും അവസാന തീരുമാനം കാലത്തിന്റെ ഖലീഫയുടേതാണെന്നും പഴക്കം ചെന്ന അഹ്മദികൾക്ക് അറിയാം, ഇത് പുതു അഹ്മദികൾക്കും യുവാക്കൾക്കും നല്ലപോലെ വ്യക്തമാക്കി കൊടുക്കേണ്ടതാണ്. ചില സമയത്ത് ഭൂരിപക്ഷം ലഭിച്ചിട്ടുകൂടി ചില കാരണങ്ങളാൽ (അവരെ ഒഴിവാക്കി) മറ്റുള്ളവരെ ഭാരവാഹിയാക്കാറുണ്ട്. മറ്റൊരു കാര്യം കൂടി മനസ്സിലാക്കുക, ചില പ്രാദേശിക ഭാരവാഹികളുടെ തിരഞ്ഞെടുപ്പിന് നാഷണൽ അമീർ അന്തിമ അംഗീകാരം നൽകുമ്പോൾ അദ്ദേഹം ഭൂരിപക്ഷാഭിപ്രായത്തിന് എതിരാണെങ്കിൽ അതിന് നിയമാവലി അനുസരിച്ച് അദ്ദേഹത്തിന് അവകാശമുണ്ട്. എങ്കിലും അമീർമാർ പൊതുവിൽ ഭൂരിപക്ഷാഭിപ്രായത്തെ മാനിക്കേണ്ടതാകുന്നു. *(ഖുത്ബ ജുമുഅ 12/04/2013)*

# മജ്‌ലിസ് മുശാവറത്ത്

## മജ്‌ലിസ് മുശാവറത്തിന്റെ പ്രതിനിധി

1.ആത്മാർഥതയുള്ള അഹ്മദിയും അഭിപ്രായം പറയാൻ കഴിവുള്ള ആളും ജമാഅത്തിന്റെ ശിക്ഷാ നടപടിക്ക് വിധേയ നായി തുടരുന്ന ആളും ആയിരിക്കരുത്.

2.ഇസ്‌ലാമിക ചിഹ്നങ്ങൾ പാലിക്കുന്ന ആളായിരിക്കണം. (അതായത് താടിവെച്ച ആൾ)

3.ജോലിയും വരുമാനവും ഉള്ള ആളാണെങ്കിൽ നിർബന്ധ ചന്ദ കൊടുക്കുന്ന ആളും കുടിശ്ശികക്കാരനും ആയിരിക്ക രുത്.

4.ഓരോ ജില്ലയിയിൽ നിന്നും മുശാവറത്ത് പ്രതിനിധികളിൽ നാലിൽ ഒന്ന് 30 വയസ്സിൽ കുറവ് പ്രായമുള്ളവരായിരിക്കണം.

- മജ്‌ലിസ് മുശാവറത്ത് പ്രതിനിധികളുടെ കാലാവധി അടുത്ത വാർഷിക മജ്‌ലിസ് മുശാവറത്ത് വരെയായിരിക്കും.
- ഖലീഫത്തുൽ മസീഹ് അഭിപ്രായം ആരായുന്ന കാര്യങ്ങളിൽ അഭിപ്രായം നൽകുകയാണ് മജ്‌ലിസ് മുശാവറത്തിന്റെ ഉത്തരവാദിത്വം. ഖലീഫത്തുൽ മസീഹ് അംഗീകരിച്ച് നടപ്പാക്കാൻ ഉത്തരവാകുന്നതു വരെ ഒരു അഭിപ്രായവും പ്രാവർത്തികമാക്കൽ നിർബന്ധമല്ല.
- ഏതെങ്കിലും പ്രതിനിധി നിർബന്ധിത സാഹചര്യമോ കാരണമോ കൂടാതെ മജ്‌ലിസ് മുശാവറത്തിന്റേയും സബ് കമ്മിറ്റിയുടേയും മീറ്റിംഗിൽ പങ്കെടുക്കുന്നില്ലെങ്കിൽ അയാളുടെ പേര് മജ്‌ലിസ് മുശാവറത്തിൽ വരുകയും അയാൾ ഈ നിലപാട് തുടരുകയുമാണെങ്കിൽ അത്തരം വ്യക്തിക്ക് 3 വർഷത്തേക്ക് മജ്‌ലിസ് മുശാവറത്ത് പ്രതിനിധിയാകാനുള്ള അവകാശം നിഷേധിക്കപ്പെടുന്നതാണ്.
- പ്രാദേശിക ജമാഅത്തിൽ നിന്ന് മജ്‌ലിസ് മുശാവറത്തിൽ സമർപ്പിക്കാൻ വരുന്ന അഭിപ്രായത്തിന് (സമർപ്പിക്കാൻ)

അംഗീകാരം ലഭിക്കുന്നില്ലെങ്കിൽ അത് വായിച്ചു കേൾപ്പിക്കുക മാത്രമാണ് ചെയ്യുക. ചിലപ്പോൾ വായിച്ചു കൊള്ളണമെന്നുമില്ല. അതേ കുറിച്ച് ചർച്ച ചെയ്യാൻ ആർക്കും അനുമതി ഉണ്ടായിരിക്കുന്നതല്ല.

- പ്രാദേശിക ജമാഅത്തിലെ ഏതെങ്കിലും അംഗത്തിന് സ്വന്തം നിലക്ക് മജ്ലിസ് മുശാവറത്തിലേക്ക് അഭിപ്രായം അയക്കാൻ അധികാരമുണ്ടായിരിക്കുന്നതല്ല. മറിച്ച് അയാൾ തന്റെ അഭിപ്രായം പ്രാദേശിക അഞ്ചുമന് നൽകുകയും പ്രാദേശിക ജമാഅത്തിലെ ഭൂരിപക്ഷം അംഗങ്ങളും മജ്ലിസ് മുശാവറത്തിൽ പ്രസ്തുത അഭിപ്രായം വെക്കണമെന്ന നിലപാടിലുമാണെങ്കിൽ പ്രാദേശിക അമീർ/സദ്ർ പ്രസ്തുത അഭിപ്രായം മജ്ലിസ് മുശാവറത്ത് സെക്രട്ടറിക്ക് അയച്ചു കൊടുക്കുന്നതാണ്.
- മജ്ലിസ് മുശാവറത്തിൽ ഒരിക്കൽ സമർപ്പിച്ച് തീരുമാനമായ അഭിപ്രായം അടുത്ത മൂന്ന് വർഷത്തേക്ക് മജ്ലിസ് മുശാവറത്തിൽ സമർപ്പിക്കുന്നതല്ല.
- മജ്ലിസ് മുശാവറത്തിൽ എല്ലാത്തരം അഭിപ്രായവും അഭിപ്രായത്തിലുള്ള ഭേദഗതിയും രേഖാമൂലം സമർപ്പിക്കപ്പെടേണ്ടതാകുന്നു. വാക്കാൽ ഭേദഗതികൾ സ്വീകാര്യമായിരിക്കുന്നതല്ല.

# ബജറ്റ് കമ്മിറ്റി

- എല്ലാ ജമാഅത്തിലും ബജറ്റ് കമ്മിറ്റി ഉണ്ടായിരിക്കും. മാൽ സെക്രട്ടറി അതിന്റെ സദ്ർ ആയിരിക്കും. രണ്ട് മെമ്പർമാർ കൂടി ഉണ്ടായിരിക്കും. അവരെ മജ്‌ലിസ് ആമില നോമിനേറ്റ് ചെയ്യുന്നതാണ്.
- ബജറ്റിൽ ഉൾപ്പെട്ടവരെ വിലയിരുത്തുകയും വരുമാനത്തിൽ കുറവ് രേഖപ്പെടുത്തിയവരെ ബോധവൽക്കരിക്കാൻ രൂപരേഖ ഉണ്ടാക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യേണ്ടത് ഈ കമ്മിറ്റിയുടെ ഉത്തരവദിത്വമായിരിക്കും.
- ജമാഅത്തീ ലോക്കൽ ഫണ്ട് വാർഷിക വരവ് ചെലവ് തയ്യാറാക്കി മജ്‌ലിസ് ആമിലയിൽ സമർപ്പിക്കേണ്ടത് ഈ കമ്മിറ്റിയുടെ ഉത്തരവാദിത്വമായിരിക്കും. വലിയ ജമാഅത്തുകളിൽ ഈ ആവശ്യത്തിന് അംഗങ്ങളുടെ എണ്ണം കൂട്ടാവുന്നതുമാണ്.
- എല്ലാത്തരം സാമ്പത്തിക കാര്യങ്ങളും ഈ കമ്മിറ്റി മുഖേന മജ്‌ലിസ് ആമിലയിൽ സമർപ്പിക്കുന്നത് ഉചിതമായിരിക്കും.
- ചിലവ് ശ്രദ്ധിക്കുകയും സാമ്പത്തിക അവസ്ഥകൾ നിരീക്ഷിക്കുകയും യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടതും ഈ കമ്മിറ്റിയുടെ കടമയാകുന്നു.
- കേന്ദ്രം വരവ് ചിലവ് കണക്കുകൾ വെക്കാൻ അവലംബിച്ചിട്ടുള്ള രീതി പാലിക്കേണ്ടതാണ്. മറ്റേതെങ്കിലും രീതി അവലംബിക്കണമെങ്കിൽ കേന്ദ്രത്തിൽ നിന്ന് അനുമതി വാങ്ങിയിരിക്കേണ്ടതാണ്.
- അഭിപ്രായം ആരായുന്ന കാര്യങ്ങളിൽ ഈ കമ്മിറ്റി സാമ്പത്തിക വീക്ഷണത്തിലുള്ള അഭിപ്രായമാണ് നൽകുക. സംവിധാന സംബന്ധിയായ കാര്യങ്ങളിൽ കൈകടത്തരുത്.
- ഏതെങ്കിലും കാര്യത്തിൽ ജമാഅത്തീ ഗുണത്തെ മുൻനിർത്തി സാമ്പത്തിക കാര്യങ്ങളിൽ അഭിപ്രായം നൽകണമെന്നുണ്ടെങ്കിൽ കമ്മിറ്റിക്ക് സ്വയമേവ തങ്ങളുടെ അഭിപ്രായം അമീർ/സദ്ർ മുഖേന മജ്‌ലിസ് ആമിലയിൽ വെക്കാവുന്നതാണ്.

# അമീർ/സദ്ർമാരുടേയും ഭാരവാഹികളുടേയും ഉത്തരവാദിത്വങ്ങൾ

## അമീർ/സദ്ർ :

അമീർമാരുടെ രണ്ട് വിഭാഗം (Categories) ഉണ്ട്.

**ഒന്ന്: ജില്ലാ അമീർമാർ, രണ്ട് : പ്രാദേശിക അമീർമാർ.**

ജില്ലാ അമീർ, ജില്ലയിലെ ജമാഅത്തുകളുടെ ഉത്തരവാദിത്വവും മേൽനോട്ടവും വഹിക്കുന്ന ഉന്നത ഓഫീസർ ആകുന്നു. അതേ പോലെ പ്രാദേശിക അമീർ, തദ്ദേശ ജമാഅത്തിന്റെ ഉത്തരവാദി ത്വവും മേൽനോട്ടവും വഹിക്കുന്നു. രണ്ടു പേരേയും ഖലീഫത്തുൽ മസീഹിന്റെ അംഗീകാരത്തോടെയാണ് തിരഞ്ഞെടുക്കുകയോ നിയമിക്കുകയോ ചെയ്യുന്നത്.

സദ്ർമാരെ തദ്ദേശ ജമാഅത്തുകളുടെ ഉത്തരവാദിത്വവും മേൽ നോട്ടവും വഹിക്കുന്നതിനു വേണ്ടി കേന്ദ്രമാണ് നിയമിക്കുന്നത്.

പ്രാദേശിക ജമാഅത്ത് സദർമാരെ, ഹുസൂർ തിരുമനസ്സ് നിയമി ച്ചിട്ടുള്ള കേന്ദ്ര തെരഞ്ഞെടുപ്പു കമ്മിറ്റിയുടെ അനുമതിയോടെയാ ണ് തെരഞ്ഞെടുക്കുകയോ നാമനിർദേശം ചെയ്യുകയോ ചെയ്യു ന്നത്.

അമീർമാരുടേയും സദ്ർമാരുടേയും ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അയ്യദ ഹുല്ലഹ് പറയുന്നു:

ജമാഅത്ത് സദ്ർ അല്ലെങ്കിൽ അമീറിന് സംവിധാനത്തിന്റെ മേല ധികാരി എന്ന നിലക്ക് ജമാഅത്തിന്റെ സംവിധാന വ്യവസ്ഥിതിയെ ശരിയായ നിലക്ക് നടപ്പിലാക്കേണ്ട ഉത്തരവാദിത്വമുണ്ട്. ഇക്കാര്യ ത്തിൽ കാലത്തിന്റെ ഖലീഫ അവരെ തന്റെ പ്രതിനിധികളാക്കിയി രിക്കുന്നു. അതേപോലെ തന്നെ ജമാഅത്തിന്റെ ധാർമികവും ആത് മീയവുമായ നന്മയും പുരോഗതിയും അതിനു വേണ്ടി സാദ്ധ്യമായ മാർഗങ്ങൾ അവലംബിക്കേണ്ട ഉത്തരവാദിത്വവും മുറബ്ബിമാർക്കു

ണ്ട്. അവർ ഇക്കാര്യത്തിൽ കാലത്തിന്റെ ഖലീഫയുടെ പ്രതിനിധികളാകുന്നു.

ആയതിനാൽ രണ്ട് അമീർമാർക്കും (ജില്ലാ അമീറും പ്രാദേശിക അമീറും) സദ്ർമാർക്കും മുറബ്ബിമാരുമായി പരസ്പര സഹകരണം വേണ്ടതാണ്. ഒരു സ്കീമിന് അനുസൃതമായി പ്രവർത്തിക്കേണ്ടതാണ്. അപ്പോൾ മാത്രമേ ജമാഅത്തിനെ സംവിധാന സംബന്ധമായി ബലവത്താക്കാൻ കഴിയുകയുള്ളൂ. ആത്മീയവും വൈജ്ഞാനികവുമായ നിലവാരം അഭിവൃദ്ധിപ്പെടുകയും ചെയ്യുന്നതാണ്. *(ഖുത്ബ ജുമുഅ 10/03/2017)*

അമീർ... അദ്ദേഹത്തിന് എതിരാണ് പരാതിയെങ്കിൽ പോലും അത് മുമ്പോട്ട് അയക്കുക അദ്ദേഹത്തിന്റെ ജോലിയാകുന്നു. എന്തെങ്കിലും വിശദീകരണം വേണമെങ്കിൽ നൽകുക. അങ്ങനെയായാൽ കൂടുതൽ കത്തിടപാടിൽ സമയം നഷ്ടപ്പെടുന്നതല്ല. *(ഖുത്ബ ജുമുഅ 31/12/2004)*

## നാഇബ് അമീർ/നാഇബ് സദ്ർ :

അമീർ/സദ്റിന്റെ അസാന്നിധ്യത്തിൽ പൂർണ ഉത്തരവാദിത്വത്തോടുകൂടി എല്ലാ കാര്യങ്ങളും നിർവഹിക്കപ്പെടാൻ അമീറിന്റേയും സദ്റിന്റേയും സകലകാര്യങ്ങളും സുഗമമാക്കുന്നതിനു വേണ്ടിയുള്ള സഹായിയായിരിക്കും.

## ജനറൽ സെക്രട്ടറി :

നാഇബ് അമീറോ നാഇബ് സദ്റോ ഉണ്ടെങ്കിലും ആവശ്യമെങ്കിൽ വലിയ ജമാഅത്തുകളിൽ ജനറൽസെക്രട്ടറിയുടെ തസ്തിക ആകാവുന്നതാണ്. അവരുടെ ജോലിയും എല്ലാ കാര്യങ്ങളിലും അമീറിനെ/സദ്റിനെ സഹായിക്കുകയാണ്. അവരുടെ ഉത്തരവാദിത്തം ഈ പരിധിവരെ മാത്രമായിരിക്കും.

ജനറൽ സെക്രട്ടറി (പ്രാദേശികം/ഏരിയ) യുടെ ഉത്തരവാദിത്വങ്ങളിൽ ചട്ടപ്രകാരം ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടത്തുക, അമീർ/സദ്ർ ജമാഅത്തിന്റെ അനുമതിയോടുകൂടി മജ്‌ലിസ് ആമില യോഗം വിളിക്കുക, മറ്റ് ഭാരവാഹികൾക്ക് തൽസംബന്ധമായി അറിയിപ്പ് കൊടുക്കുക, മജ്‌ലിസ് ആമിലയുടെ അജണ്ട തയ്യാറാക്കി മജ്‌ലിസ് ആമിലയിൽ വെക്കുക, മീറ്റിംഗിന്റെ നടപടിക്രമങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുക, മജ്‌ലിസ് ആമില തീരുമാനങ്ങൾ ബന്ധ

പ്പെട്ട സെക്രട്ടറിമാർക്ക് എത്തിച്ചു കൊടുക്കുക, പ്രവർത്തന റിപ്പോർട്ട് ശേഖരിക്കുക, തീരുമാനങ്ങൾ നടപ്പിൽ വരുത്താത്തത് അല്ലെങ്കിൽ ഏറ്റക്കുറച്ചിൽ സംബന്ധിച്ച് ഓർമപ്പെടുത്തുക, അമീർ/സദ്ർ ജമാഅത്തിന് റിപ്പോർട്ട് നൽകുക, ആവശ്യമെങ്കിൽ ജമാഅത്തിന് താൽക്കാലികമോ സ്ഥിരമായതോ ആയ ജോലിക്കാരെ ആവശ്യമുണ്ടെങ്കിൽ ആയത് പൂർത്തിയാക്കുക, തന്റേയും മറ്റ് ഭാരവാഹികളുടേയും മാസാന്ത്യ റിപ്പോർട്ട് അമീർ/സദ്ർ മുഖേന മജ്‌ലിസ് ആമിലയിൽ വെക്കുക എന്നിവ ഉൾപ്പെടുന്നു. മാത്രമല്ല ഏതെങ്കിലും ഭാരവാഹിയോ അംഗമോ ജമാഅത്തിന്റെ നന്മക്കെതിരായ പ്രവർത്തനത്തിൽ ഏർപ്പെടുന്നുവെന്ന് മനസ്സിലായാൽ ഉടൻ തന്നെ അതേക്കുറിച്ച് അമീർ/സദ്ർ ജമാഅത്തിന് റിപ്പോർട്ട് ചെയ്യാനും ജനറൽ സെക്രട്ടറിക്ക് അവകാശമുണ്ടായിരിക്കും.

## സെക്രട്ടറി ഇസ്‌ലാഹ് വ ഇർശാദ്:

നസാറത്ത് ഇസ്‌ലാഹ് വ ഇർശാദിന്റേയും വഖ്ഫെ ജദീദിന്റെ നസാമത്തെ ഇർശാദിന്റേയും നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ: വിശുദ്ധ ഖുർആൻ, ഹദീസ്,ഹദ്റത്ത്മസീഹ് മൗഊദിന്റെ ഗ്രന്ഥങ്ങൾ/ മൽഫൂസാത്ത് ദർസ് ജമാഅത്തിൽ നടത്താൻ സംവിധാനമുണ്ടാക്കുക. തർബിയത്ത് യോഗങ്ങൾ സംഘടിപ്പിക്കുക. (ഓരോ മാസവും ഒരു തർബിയത്ത് യോഗം നടത്താൻ ശ്രമിക്കേണ്ടതാണ്.) നമസ്കരിക്കാനും നോമ്പെടുക്കാനും ഉപദേശിക്കുക. അനാചാരങ്ങൾ അകറ്റാൻ പരിശ്രമിക്കുക. അഭിപ്രായഭിന്നതയുള്ള വിഷയങ്ങളെയും കർമപരമായ സംഗതികളേയും കുറിച്ച് ജമാഅത്തിനെ പഠിപ്പിക്കുക. ശരിയായ വിശ്വാസാദർശങ്ങൾക്ക് മാർഗദർശനം നൽകുക. ജമാഅത്തുകളിൽ ഡിഷ് ആന്റിന സ്ഥാപിക്കുക. ജമാഅത്ത് അംഗങ്ങളും അനഹ്മദീ അഥിതികളും എം.ടി.എയിലെ പരിപാടികളും ഹുസൂർ തിരുമനസ്സിന്റെ ഖുത്ബകളും പ്രയോജനപ്പെടുത്തുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുക. അഹ്മദികൾ പരസ്പരമുള്ള വഴക്കുകൾ/ദമ്പതികൾ തമ്മിലുള്ള കലഹങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഇസ്‌ലാഹി കമ്മിറ്റിയുടെ സഹായത്തോടെ ശ്രമിക്കുക. വിവാഹബന്ധങ്ങളുടെ കാര്യങ്ങളിൽ മാർഗനിർദ്ദേശം നല്കുക. അന്യരിൽ നിന്ന് വിവാഹം കഴിക്കുന്നത് തടയുകയും അതിന്റെ യുക്തിയെക്കുറിച്ച് അംഗങ്ങളെ ബോധ്യപ്പെടുത്തുകയും ഈ കല്പന ലംഘിക്കുന്നവരുടെ പ്രശ്നം മജ്‌ലിസ് ആമിലയിൽ അവ

തരിപ്പിക്കുകയും ചെയ്യുക. അതുപോലെ തന്നെഎല്ലാ ജമാഅത്തംഗങ്ങളുടേയും തർബിയത്തിനും സംസ്കരണത്തിനുമുള്ള മാർഗങ്ങൾ അവലംബിക്കുക തുടങ്ങിയവയെല്ലാം സെക്രട്ടറി ഇസ്ലാഹ് വ ഇർശാദിന്റെ ഉത്തരവാദിത്വമാണ്.

സെക്രട്ടറി ഇസ്ലാഹ് വ ഇർശാദിനെ ഇസ്ലാഹി കമ്മിറ്റിയുടെ സദ്ർ ആക്കിയിരിക്കുന്നു. വ്യക്തിപരമായ പരിശ്രമംകൊണ്ട് പരിഹരിക്കാൻ കഴിയാത്ത സംഗതികൾ അമീർ/സദ്റിനോട് അഭിപ്രായം തേടി ഇസ്ലാഹി കമ്മിറ്റിയിൽ വച്ച് പരിഹരിക്കാൻ ശ്രമിക്കേണ്ടത് സെക്രട്ടറി ഇസ്ലാഹ് വ ഇർശാദിന്റെ ചുമതലയാണ്.

*(നോട്ട് : ഹുസൂർ തിരുമനസ്സ് ഇന്ത്യയിൽ അമീർ/സദ്റിനെ ഇസ്ലാഹീ കമ്മിറ്റി സദ്ർ ആയി നിശ്ചയിച്ചിരിക്കുന്നു.)*

ഇസ്ലാഹ് വ ഇർശാദ് സെക്രട്ടറിയുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ച് സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറയുന്നു : ഇസ്ലാഹ് വ ഇർശാദ്/തർബിയ്യത്ത് സെക്രട്ടറിയേയും ഊർജസ്വലമാക്കേണ്ടത് അനിവാര്യമാണ്. ഇസ്ലാഹ് വ ഇർശാദ്/തർബിയ്യത്ത് സെക്രട്ടറിമാർ (ചില സ്ഥലത്ത് അങ്ങനേയും പറയാറുണ്ട്) കൃത്യമായ പ്രോഗ്രാം തയ്യാറാക്കി ഏറ്റവും താഴ്ന്ന പടി മുതൽ കേന്ദ്രതലം വരെ ശരിയായ രീതിയിൽ പ്രവർത്തിക്കുകയാണെങ്കിൽ ഉമൂർ ആമയുടെ പ്രശ്നങ്ങളും പരിഹരിക്കപ്പെടുന്നതാണ്, തഅ്ലീമിന്റെ പ്രശ്നങ്ങളും വലിയൊരു പരിധിവരെ കുറയുന്നതാണ്, വൈവാഹിക പ്രശ്നങ്ങളും വലിയൊരു പരിധിവരെ കുറയുന്നതാണ്. ഈ വകുപ്പുകൾ പരസ്പരം എത്രമാത്രം ഇഴകിച്ചേർന്നിരിക്കുന്നുവെന്നാൽ തർബിയ്യത്ത് വകുപ്പ് ഊർജസ്വലമായാൽ ഒരുപാട് ഇതര വകുപ്പുകളും സ്വയമേവ ഊർജിതമാകുകയും ജമാഅത്തിന്റെ പൊതുവായ ആത്മീയനിലവാരം ഉയരുകയും ചെയ്യുന്നതാണ്. *(ജുമുഅ ഖുത്ബ 2003 ഡിസംബർ 5)*

വീണ്ടും പറയുന്നു, എപ്പോഴും രോഗലക്ഷണം കാണുമ്പോൾ തന്നെ അതിനെ പിടിക്കേണ്ടതും അവിടെ തന്നെ അതിനെ വേരോടെ പിഴുതെറിയേണ്ടതുമാണ്. ഭാരവാഹികൾ എല്ലാ കാര്യവും അവഗണിക്കരുത്. മറിച്ച് തുടക്കത്തിൽ തന്നെ ഓരോ തിന്മയേയും തടയാൻ ശ്രമിക്കേണ്ടതാണ്. ഒരിക്കലും അതിനെ വളരാനോ പടരാനോ അനുവദിക്കരുത്... തങ്ങളുടെ ജമാഅത്തുകളിൽ നിരീക്ഷണം നടത്തിക്കൊണ്ടിരിക്കുക. നന്മ അനിവാര്യമായ എല്ലാ കാര്യ

ങ്ങളിലും സത്വര നടപടി സ്വീകരിച്ച് (കേന്ദ്രത്തിന്) അതേക്കുറിച്ച് റിപ്പോർട്ട് നൽകേണ്ടതാണ്... ഏതെങ്കിലും ഭാരവാഹി എന്തെങ്കിലും കാര്യം മറച്ചു വെക്കുന്നുവെങ്കിൽ അയാൾ തന്റെ ഉത്തരവാദിത്വത്തിൽ വഞ്ചന കാണിക്കുന്നവനാകുന്നു. *(അവ: ഹുസൂർ തിരുമനസ്സിന്റെ കത്ത് 05/11/2010)*

നമ്മുടെ മസ്ജിദ്/സെന്ററുകളിൽ നിന്ന് എത്ര ദൂരെയാണ് അഹ്മദികൾ താമസിക്കുന്നത്?..ഏത് നമസ്കാരത്തിനാണ് കൂടുതൽ ആളുകൾ എത്തുന്നത്? എത്ര ശതമാനം ആളുകൾ പങ്കെടുക്കുന്നുണ്ട്? *(അൽഫദ്ൽ 03/06/2004 പേജ് :2)*

കഴിഞ്ഞ തലമുറ അഹ്മദികൾ ആയിരുന്നുവെങ്കിലും അവരുടെ മക്കൾ ഇപ്പോൾ (ജമാഅത്തുമായി ബന്ധം) ഇല്ലെങ്കിൽ അവരുമായി ബന്ധപ്പെടുകയും അവരെ ബന്ധപ്പെടുകയും അവരെ (മസ്ജിദിൽ) കൊണ്ടുവരികയും പിന്നെ ഈ ബന്ധം നിലനിർത്തുകയും ചെയ്യുക. *(അൽഫദ്ൽ ഇന്റർനാഷണൽ 28/04/2006 പേജ് :13)*

## അഡീഷണൽ സെക്രട്ടറി ഇസ്ലാഹ് വ ഇർശാദ്(നവഅഹ്മദികളുടെ തർബിയത്ത്):

നവഅഹ്മദികളുടെ തർബിയത്ത് കാര്യത്തിൽ നസാറത്ത് ഇസ്ലാഹ് വ ഇർശാദിന്റേയും നസാമത്ത് ഇർശാദ് വഖ്ഫെ ജദീദിന്റെയും നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ നവഅഹ്മദികളുടെ ഇസ്ലാഹിനും(സംസ്കരണം) തർബിയത്തിനും ശ്രദ്ധിക്കുകയും അവരെ കൃത്യമായി ജമാഅത്ത് വ്യവസ്ഥിതിയുമായി ബന്ധപ്പെടുത്തി സാമ്പത്തികവ്യവസ്ഥിതിയിൽ ഭാഗഭാക്കാക്കുകയും ചെയ്യുക. ഈ നവ അഹ്മദികളുടെ പൂർണവിവരങ്ങൾ ശേഖരിക്കുക, എം.ടി.എ സംവിധാനത്തിനു വേണ്ടി പരിശ്രമിക്കുക, ബന്ധപ്പെട്ട പോഷക ഘടകത്തിൽ അംഗമാക്കുക. സ്ഥലം മാറി പോകുന്നവരുടെ വിവരങ്ങൾ കേന്ദ്രത്തെ അറിയിക്കുക, അവരെ കേന്ദ്രത്തിൽ സന്ദർശിക്കാൻ ഏർപ്പാട് ചെയ്യുക. അവരെ 6 മാസത്തിനുള്ളിൽ കൂടിയാൽ 3 വർഷത്തിനുള്ളിൽ ജമാഅത്തിന്റെ സജീവ ഘടകമാക്കുക.

## സെക്രട്ടറി തഅ്ലീമുൽ ഖുർആൻ വ വഖ്ഫെ ആർസി:

നസാറത്ത് തഅ്ലീമുൽ ഖുർആന്റെ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ എത്രപേർക്ക് ഖുർആൻ ഓതാനറിയാം എത്രപേർക്ക് തർജ്ജമ അറിയാം തുടങ്ങിയ കാര്യങ്ങളുടെ റെക്കോർഡ് തയ്യാറാ

ക്കുക. ഖുർആൻ ഓതാനറിയാത്തവരെ പഠിപ്പിക്കാനും തർജ്ജമ അറിയാത്തവരെ തർജ്ജമ പഠിപ്പിക്കാനും സംവിധാനമുണ്ടാക്കുക. ഈ പ്രവർത്തനങ്ങൾക്കായും ദീനീ വിജ്ഞാനം പഠിപ്പിക്കാനും വഖ്ഫെ ആർസി (താൽക്കാലിക വഖ്ഫ്) ചെയ്യാൻ ജമാഅത്തംഗങ്ങളെ പ്രേരിപ്പിക്കുക, അങ്ങനെ വഖ്ഫെ ആർസി ചെയ്യുന്നവർ മുഖേന ദീനീ വിദ്യാഭ്യാസവും വിശുദ്ധഖുർആൻ പഠനവും നടന്നുകൊണ്ടിരിക്കണം.

ഇപ്രകാരം തന്നെ നസാറത്ത് തഅ്ലീമുൽ ഖുർആൻ ആരംഭിച്ചിട്ടുള്ള തർജമത്തുൽ ഖുർആൻ പോസ്റ്റൽ കോഴ്സിൽ കൂടുതൽ കൂടുതൽ ജമാഅത്തംഗങ്ങളെ ഭാഗഭാക്കാക്കുക.

ഫദ്ലെ ഉമർ തഅ്ലീമുൽ ഖുർആൻ ക്ലാസിൽ കൂടുതൽ കൂടുതൽ ജമാഅത്തംഗങ്ങളെ പങ്കെടുപ്പിക്കാൻ സംവിധാനം ചെയ്യുക.

**സെക്രട്ടറി ദഅ്വത്തെ ഇലല്ലാഹ് :**

നസാറത്ത് ദഅ്വത്തെ ഇലല്ലായുടെ നിർദ്ദേശങ്ങളനുസരിച്ച് കൂടുതൽ കൂടുതൽ ജമാഅത്തംഗങ്ങളെ ദാഇലല്ലാഹ് ആക്കുക. നസാറത്ത് ദഅ്വത്തെ ഇലല്ലായുടെ മുബല്ലിഗുമാരുമായി സഹകരിച്ചുകൊണ്ട്, അവരുമായി ചേർന്ന് ദാഇയാനെ ഇലല്ലായ്ക്ക് ശിക്ഷണവും മാർഗദർശനവും നല്കുക. ഇതിനായി ദാഇയാനെ ഇലല്ലായുടെ ക്ലാസ്സുകൾ (വർക്ക്ഷോപ്പ്) നടത്തുക. പുതിയ ബയ്അത്തുകളോടൊപ്പം നഷ്ടപ്പെട്ടുപോയ ബയ്അത്തുകളെ (ബയ്അത്ത് ചെയ്ത ശേഷം ജമാഅത്തുമായി ബന്ധപ്പെടാതെ നിൽക്കുന്നവരെ) കണ്ടെത്തി റാബ്ത്വയെ ബയ്അത്ത്(ബയ്അത്ത് കോൺടാക്റ്റ്) പദ്ധതിത്വരിതപ്പെടുത്തുക. വിവാദങ്ങളുടെയും വാദപ്രതിവാദങ്ങളുടെയും സാഹചര്യം ഉണ്ടാകുമ്പോൾ അല്ലെങ്കിൽ, എതിരാളികളുടെപ്രസിദ്ധീകരണങ്ങൾ മുമ്പിൽ വരുമ്പോൾ നസാറത്ത് ദഅ്വത്തെ ഇലല്ലാഹിൽനിന്ന് മാർഗനിർദ്ദേശങ്ങൾ കരസ്ഥമാക്കി പ്രവർത്തിക്കുക. ആവശ്യാനുസരണം തബ്ലീഗ് യോഗങ്ങൾ സംഘടിപ്പിക്കുക.

നൂറുൽ ഇസ്ലാം വകുപ്പ് തന്നിട്ടുള്ള രൂപരേഖ ഉദാഹരണമായി പീസ് സിമ്പോസിയം, സെമിനാർ, ബുക്ക് ഫെയർ, സോഷ്യൽ മീഡിയ എന്നിവ മുഖേന ദഅ്വത്തെ ഇലല്ലാഹ് നെ ഊർജിതമാക്കുക.

ദഅ്‌വത്തെ ഇലല്ലാഹ്‌ലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് സയ്യിദുനാ ഹദ്‌റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറയുന്നു:

ദഅ്‌വത്തെ ഇലല്ലാഹ്‌യുടെ പ്രവർത്തനം സ്ഥായിയായ ഒരു പ്രവർത്തനമാണ്. സ്ഥിരചിത്തയോടെ തുടരേണ്ട ജോലിയാണ്. ഒരു കോൺടാക്റ്റ് അല്ലെങ്കിൽ വർഷാവസാനം രണ്ട് മാസം തങ്ങളുടെ ടാർഗറ്റ് പൂർത്തിയാക്കാൻ വഖ്ഫ് ചെയ്താൽ പോര. മറിച്ച് വർഷം മുഴുവൻ ഈ ജോലിയിൽ മുഴുകേണ്ടതാണ്. നിങ്ങളെ ആരെ തിരഞ്ഞെടുക്കുകയാണെങ്കിലും അയാളുടെ സ്വഭാവം മനസ്സിലാക്കാനും കഴിയുന്നതാണ്. നിങ്ങളുടെ കോൺടാക്റ്റിൽ ഉള്ളവർ ആരാണെങ്കിലും അയാളുമായി നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരിക്കുക. അവസാനം അയാൾ കഠിനഹൃദയനും ഒരു മഴത്തുള്ളിയും ആ മണ്ണിൽ പ്രയോജനം ചെയ്യുകയില്ലെന്നും ഒരു നന്മയും അയാളെ സ്വാധീനിക്കുകയില്ലെന്നും കണ്ടാൽ അയാളെ ഒഴിവാക്കുക. പക്ഷേ നിങ്ങളിൽ നിന്ന് പ്രയോജനമെടുക്കാൻ ശ്രമിക്കുന്ന ആളുകളും ഒരുപാടുണ്ട്. അതിനാൽ ഈ ജോലി അഭംഗുരം തുടരേണ്ടതാണ്. വർഷാവസാനം ജോലി ചെയ്യാമെന്ന് കരുതി ഉറങ്ങരുത്.*(ജുമുഅ ഖുത്ബ 2004 ജൂൺ 4)*

## സെക്രട്ടറി ഉമൂറെ ആമ:

സെക്രട്ടറി ഉമൂറെ ആമയുടെ ചുമതലയിൽ ജമാഅത്തിന്റെ അകത്തുള്ള കാര്യങ്ങളാണ് വരുന്നത്. അത് അദ്ദേഹം നസാറത്തെ ഉമൂറെ ആമയുടെ നിർദ്ദേശങ്ങളനുസരിച്ച് ചെയ്യേണ്ടതാണ്. ഉദാ: തൊഴിൽരഹിതരായ യുവാക്കൾക്ക് തൊഴിൽ സംഘടിപ്പിച്ചു കൊടുക്കുക, സൃഷ്ടിസേവനം ചെയ്യുക, പരോപകാരപ്രവർത്തനങ്ങൾ നടത്തുക, ദുരിതാശ്വാസവസ്തുക്കൾ വിതരണം ചെയ്യുക, അച്ചടക്കവും സംയമനവും നിലനിറുത്തുക.

ജമാഅത്തിന്റെ സ്വത്തുക്കൾ സംരക്ഷിക്കാൻ ശ്രദ്ധിക്കുക. പ്രശ്നങ്ങൾ കോടതിയിൽ എത്തുന്ന അവസ്ഥ ഉണ്ടാകാതിരിക്കാൻ പരസ്പരവഴക്കുകൾ മനസിലാക്കികൊടുത്തുകൊണ്ടോ അല്ലെങ്കിൽ ഇസ്‌ലാഹി കമ്മിറ്റി മുഖേനയോ ദൂരീകരിക്കാൻ ശ്രമിക്കുക. അനുവാദം കൂടാതെ കോടതികളിൽ പോകുന്നവരെ സംബന്ധിച്ച് കൃത്യസമയത്ത് തന്നെ ഉമൂറെ ആമയിൽ അറിയിക്കുക. ദാറുൽ ഖളായുടെ വിധികൾ നസാറത്ത് ഉമൂറെ ആമയുടെ നിർദ്ദേശമനുസരിച്ച് യഥാ

സമയം നടപ്പിലാക്കുക. തദ്ദേശതലത്തിലും ജില്ലാതലത്തിലുമുള്ള സർക്കാരുദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് ജമാഅത്തംഗങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷിക്കുന്നതിന് ഏർപ്പാട് ചെയ്യുക, പ്രസ് ആന്റ് പബ്ലിസിറ്റിയുടെ എല്ലാ മാർഗങ്ങളെയും ജമാഅത്തിന്റെ ഗുണത്തിനായി പ്രയോജനപ്പെടുത്താൻ ശ്രമിക്കുക.

അതുപോലെ ജമാഅത്തീ രജിസ്ട്രേഷൻ കാർഡ് തയ്യാറാക്കി അത് അപ് ടു ഡേറ്റ് ചെയ്യേണ്ടതും സെക്രട്ടറി ഉമൂർ ആമയാകുന്നു.

ഉമൂർ ആമ സെക്രട്ടറിയുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ച് സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറയുന്നു :

പരസ്പരമുള്ള കാര്യങ്ങളിൽ തീരുമാനമെടുക്കുകയും തെറ്റായ കാര്യങ്ങൾ കാണുമ്പോൾ കേന്ദ്രത്തിലേക്ക് റിപ്പോർട്ട് ചെയ്യുകയും മാത്രമല്ല ഉമൂർ ആമ സെക്രട്ടറിയുടെ ജോലി. തന്റെ ജമാഅത്തിലെ തൊഴിലില്ലാത്ത ആളുകൾക്ക് ആയത് സംഘടിപ്പിച്ചു കൊടുക്കുക, അതിനു വേണ്ടിയുള്ള അന്വേഷണത്തിൽ സഹായിക്കുക, ഖിദ്മത്തെ ഖൽഖ് പ്രവർത്തനങ്ങൾ ചെയ്യുക തുടങ്ങിയവയും അദ്ദേഹത്തിന്റെ ജോലിയാണ്. അത്തരം ആളുകളുടെ ലിസ്റ്റ് തയ്യാറാക്കുക. അവരുടെ കഴിവുകൾ കണ്ടെത്തി എന്തെങ്കിലും സാമ്പത്തിക സഹായം ചെയ്ത് ചെറിയ കച്ചവടങ്ങൾ തുടങ്ങാവുന്നതാണ്. അവർക്ക് കഴിവുണ്ടെങ്കിൽ കച്ചവടം നന്നാകുന്നതും പതിയെപ്പതിയെ നല്ല കച്ചവടമായി മാറുന്നതുമാണ്. ഞാൻ പല ആളുകളേയും സൈക്കിളിൽ ചുറ്റിനടന്ന് അല്ലെങ്കിൽ ഏതെങ്കിലും കടത്തിണ്ണയിൽ ഇരുന്ന്, ചെറിയ കുട്ടവെച്ചോ കുറച്ച് തുണിറോളുകൾ വെച്ചോ വിറ്റിരുന്നവർ ഇപ്പോൾ കടകളുടെ ഉടമസ്ഥരായിക്കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് ഈ ധൈര്യം പകരേണ്ടതും ഇത്തരം ആളുകളെ ഏതെങ്കിലും ജോലിയിൽ ഏർപ്പെടാൻ പ്രേരിപ്പിക്കേണ്ടതും ജമാഅത്തീ സംവിധാനം/ഈ ഉത്തരവാദിത്വം ഭരമേൽപ്പിക്കപ്പെട്ട ഭാരവാഹി അതായത് സെക്രട്ടറി ഉമൂർ ആമയുടെ കടമയാണ്. *(ജുമുഅ ഖുത്ബ 2003 ഡിസംബർ 5)*

## സെക്രട്ടറി ഉമൂറെ ഖാരിജ :

നസാറത്ത് ഉമൂറെ ഖാരിജയുടെ നിർദ്ദേശങ്ങളനുസരിച്ച് അന്യരുമായി ബന്ധപ്പെട്ട ജമാഅത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമി

ക്കുക. ഇതിനുവേണ്ടി സംസ്ഥാന/ ദേശീയതലത്തിൽ സർക്കാരുദ്യോഗസ്ഥരുമായി ബന്ധപ്പെടുക. ഉദാ: സംസ്ഥാന അസംബ്ലി മെമ്പർമാർ(എം.എൽ.എ), പാർലിമെന്റംഗങ്ങൾ (എം.പി) മറ്റു രാഷ്ട്രീയനേതാക്കൾ എന്നിവരുമായി ബന്ധം സ്ഥാപിക്കുകയും അവരെ ജമാഅത്തിന്റെ പ്രയോജനത്തിനായി ഉപയോഗപ്പെടുത്തുകയും ചെയ്യുക.

സർക്കാർ തിരഞ്ഞെടുപ്പ് വേളയിൽ നസാറത്ത് ഉമൂറെ ആമയുടേയും നസാറത്തെ ഉമൂറെ ഖാരിജയുടേയും നിർദ്ദേശങ്ങളനുസരിച്ച് ഉമൂറെ ആമസെക്രട്ടറിയുമായി ചേർന്ന് ജമാഅത്തിന്റെ പ്രയോജനം മുൻനിർത്തി പ്രവർത്തിക്കുക. ജമാഅത്തിന് എതിർപ്പ് അഭിമുഖീകരിക്കേണ്ടി വരുന്ന സന്ദർഭത്തിൽ സെക്രട്ടറി ഉമൂറെ ആമയും സെക്രട്ടറി ഉമൂറെ ഖാരിജയും ഒന്നിച്ച് പ്രവർത്തിക്കേണ്ടതാണ്. ജമാഅത്തിന്റെ ഗുണത്തിന് നിയമപരമായ പരിരക്ഷക്കു വേണ്ടി കോടതിയിൽ പോകേണ്ടത് അനിവാര്യമാണെങ്കിൽ (കേന്ദ്ര) നിയമോപദേഷ്ടാവിന്റേയും നസാറത്ത് ഉമൂറെ ഖാരിജയുടെയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളുമനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്.

## സെക്രട്ടറി തഅ്ലീം :

നസാറത്തെ തഅ്ലീമിന്റെ നിർദ്ദേശമനുസരിച്ച് ജമാഅത്തിലെ യുവതീയുവാക്കളുടെആത്മീയവും ഭൗതികവുമായ ശിക്ഷണത്തെക്കുറിച്ച് വിലയിരുത്തുകയും, അവർക്ക് ഉചിതമായ മാർഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക. ജമാഅത്തിലെ സമർഥരായ കുട്ടികൾ സാമ്പത്തിക പ്രയാസം കാരണം വിദ്യാഭ്യാസത്തിൽ നിന്ന് ഒഴിവാക്കപ്പെടുന്നുവെങ്കിൽ കേന്ദ്രവുമായി ബന്ധപ്പെട്ട്, അവർക്ക് കേന്ദ്രത്തിൽ നിന്ന് വിദ്യാഭ്യാസസഹായത്തിനും മറ്റും ശ്രമിക്കുക. കേന്ദ്രം നടത്തുന്ന ദീനിസിലബസിന്റെ പരീക്ഷകളിൽ കൂടുതൽ കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിക്കുക.

മിക്സഡ് കോളേജുകളിൽ പഠിക്കുന്ന വിദ്യാർഥിനികളിൽ നിന്ന് കേന്ദ്രം ഇറക്കിയിട്ടുള്ള ഫോറം പൂരിപ്പിച്ച് അയക്കേണ്ടതും എല്ലാ അഹ്മദീ വിദ്യാർഥിനി വിദ്യാർഥിയെ കൊണ്ടും ഹുസൂർ തിരുമനസ്സിനും ദുആക്ക് വേണ്ടി കത്തയപ്പിക്കുക.

തഅ്ലീം സെക്രട്ടറിയുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ച് സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറയുന്നു :

പൊതുവിൽ ജമാഅത്തുകളിലെ സെക്രട്ടറി തഅ്ലീം അവരിൽ നിന്ന് അല്ലെങ്കിൽ ഏതെങ്കിലും ഭാരവാഹിയിൽ നിന്ന് പ്രതീക്ഷിക്കപ്പെടുന്നത്രയും ഊർജസ്വലരല്ല. ഞാൻ വെറുതെ അനുമാനിച്ച് പറയുകയല്ല, ഓരോ ജമാഅത്തും തന്താങ്ങളെക്കുറിച്ച് വിലയിരുത്തിയാൽ ചില സെക്രട്ടറിമാർ വർഷം മുഴുവനും ഒരു ജോലിയും ചെയ്യുന്നില്ലെന്ന് മനസ്സിലാകുന്നതാണ്. ഉദാഹരണത്തിന് തഅ്ലീം സെക്രട്ടറിയെ നോക്കുക, സെക്രട്ടറി തഅ്ലീം, തന്റെ ജമാഅത്തിലെ വിദ്യ അഭ്യസിക്കുന്ന കുട്ടികളുടേയും സ്കൂളിൽ പോകേണ്ട പ്രായമായിട്ടും സ്കൂളിൽ പോകാത്ത കുട്ടികളുടേയും ലിസ്റ്റ് ഉണ്ടാക്കണം. പിന്നെ സ്കൂളിൽ പോകാത്തതിന് കാരണമെന്താണ്, സാമ്പത്തിക പ്രയാസമാണോ, അമന്തമാണോ എന്ന് മനസ്സിലാക്കണം. ഇങ്ങനെ സമയം നഷ്ടപ്പെടുത്തരുതെന്ന് അവരെ ബോധവൽക്കരിക്കണം. ഉദാഹരണത്തിന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) ഓരോ കുട്ടിയും തീർച്ചയായും മെട്രിക് പാസാകണമെന്ന നിബന്ധന വെച്ചിരുന്നു. ഇപ്പോഴാകട്ടെ നിലവാരം ഉയർന്നിരിക്കുന്നു, ഓരോ അഹ്മദി കുട്ടിയും എഫ്.എ വരെ തീർച്ചയായും പഠിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. *(ജുമുഅ ഖുത്ബ 2003 ഡിസംബർ 5)*

## സെക്രട്ടറി മാൽ :

തദ്ദേശജമാഅത്തിന്റെ നിർബന്ധചന്ദകളുടെ (ഹിസ്സ ആമദ്, ചന്ദ ആം,ചന്ദ ജൽസ സാലാന) ബഡ്ജറ്റ് നസാറത്ത് ബയ്ത്തുൽ മാൽ ആമദിന്റെ നിർദ്ദേശങ്ങൾ പ്രകാരം യഥാസമയം തയ്യാറാക്കി കേന്ദ്രത്തിലേക്കയക്കുക. ഈ ബഡ്ജറ്റിന്റെ ഒരു കോപ്പി തദ്ദേശ ജമാഅത്തിൽ സൂക്ഷിക്കുക. വരുമാനമുള്ള എല്ലാ അഹ്മദീസ്ത്രീ പുരുഷന്മാരിൽ നിന്നും അവരുടെ മൊത്തവരുമാനവും തോതുമനുസരിച്ച് നിർബന്ധചന്ദകൾ പിരിക്കുക. സക്കാത്ത്കൊടുക്കാൻ ബാധ്യതപ്പെട്ടവരിൽ നിന്ന് ആയത് പിരിക്കുവാനുള്ള ഏർപ്പാട് ചെയ്യുക.

മുഹസ്സിലീനെ(ചന്ദ പിരിക്കുന്നവർ)നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അവർക്ക് രസീതുബുക്ക് കൊടുക്കുക,യഥാസമയം അവരിൽ നിന്ന് രസീത് ബുക്കും പൈസയും വാങ്ങുക. ചന്ദകളെ സംബന്ധിച്ച് നസാറത്ത് ബയ്ത്തുൽ മാൽ ആമദിൽ നിന്ന് ലഭിക്കുന്ന നിർദ്ദേശങ്ങൾ ജമാഅത്തംഗങ്ങളെ അറിയിക്കാനും അത് നടപ്പിൽ വരുത്താനും ശ്രമിക്കുക.

ധനകാര്യവകുപ്പ് സംബന്ധമായി കേന്ദ്രത്തിലേക്ക് നിയമാവലി പ്രകാരം കത്തിടപാടുകൾ നടത്തുക. കേന്ദ്രം ആവശ്യപ്പെടുന്ന വിവരങ്ങളും പട്ടികകളും സംഘടിപ്പിച്ചുകൊടുക്കുക. നിർബന്ധ ചന്ദകൾ പിരിക്കുന്നതിനു പുറമെ ജമാഅത്തിന്റെ ചന്ദകൾ പിരിക്കുന്നതിന്റെയും കണക്കുകൾ വെക്കുക. തദ്ദേശ ജമാഅത്തിന്റെ വരവു ചെലവുകളുടെ ബഡ്ജറ്റ് തയ്യാറാക്കി മജ്‌ലിസെ ആമിലയിൽ അവതരിപ്പിക്കുക.ഇവയ്ക്കു പുറമെ എല്ലാത്തരം ധനപരമായ കാര്യങ്ങളും ബന്ധം സെക്രട്ടറി മാലുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

മാൽ സെക്രട്ടറിയുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ച് സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറയുന്നു:

ജമാഅത്ത് അംഗങ്ങൾക്ക് ചന്ദയുടെ പ്രാധാന്യം വ്യക്തമാക്കി കൊടുക്കുന്നതിനെ പറ്റിയും ഞാൻ ശ്രദ്ധ ക്ഷണിക്കാൻ ആഗ്രഹിക്കുകയാണ്. ഓർക്കുക, ചന്ദ, നികുതിപ്പണമല്ലെന്ന് അംഗങ്ങളോട് പറയാൻ മാൽ സെക്രട്ടറിമാരോട് പറഞ്ഞിട്ടുള്ളതാണ്. മറിച്ച് അല്ലാഹു വിശുദ്ധ ഖുർആനിൽ പല ഭാഗത്തും ഇത് നൽകണമെന്ന് കൽപ്പന നൽകിയിട്ടുള്ള നിർബന്ധ ചുമതലയാകുന്നു. ഒരിടത്ത് അല്ലാഹു പറയുന്നു; നിങ്ങൾ കഴിവിന്റെ പരമാവധി അല്ലാഹുവിനോട് ഭയഭക്തി അവലംബിക്കുക. കേൾക്കുകയും അനുസരിക്കുകയും ചെലവഴിക്കുകയും ചെയ്യുക.(ഇത്) നിങ്ങൾക്ക് ഗുണകരമായിരിക്കും. തങ്ങളുടെ മനസ്സിന്റെ പിശുക്കിൽ നിന്നും രക്ഷപ്പെടുന്നവർ, അവർ തന്നെയാണ് വിജയികൾ.

നിങ്ങൾ അല്ലാഹുവിന് നല്ലകടം കൊടുക്കുക, (എങ്കിൽ) അവൻ അത് നിങ്ങൾക്ക് വർദ്ധിപ്പിച്ചു തരുന്നതും നിങ്ങൾക്ക് പൊറുത്തു തരികയും ചെയ്യുന്നതാണ്. അല്ലാഹു വളരെയധികം വിലമതിക്കുന്നവനും സഹിഷ്ണുവുമാകുന്നു. (അത്തഗാബുൻ : 17,18) ആയതിനാൽ മാൽ സെക്രട്ടറിമാർ ഈ രീതിയിൽ ജമാഅത്ത് അംഗങ്ങൾക്ക് ശിക്ഷണം നൽകേണ്ടതാണ്. സാമ്പത്തിക ത്യാഗമുണ്ടായാൽ തഖ്‌വയും ഈമാനും വർദ്ധിക്കുന്നതാണ്... എല്ലാ തലത്തിലും മാൽ സെക്രട്ടറിമാർ സജീവമാകേണ്ടിയിരിക്കുന്നു. മാൽ സെക്രട്ടറിമാർ തങ്ങളുടെ ഉത്തരവാദിത്വം നിറവേറ്റുകയും എല്ലാ അംഗവുമായും വ്യക്തിപരമായ ബന്ധം ഉണ്ടാക്കുകയും വേണം. പോഷക ഘടകങ്ങളെ ഇക്കാര്യത്തിൽ സഹായത്തിന് ഏൽപ്പിക്കുക

യല്ല വേണ്ടത്. പോഷക ഘടകങ്ങൾ തങ്ങളുടെ അംഗങ്ങളെ ഉപദേശിക്കുന്നതാണ്. പോഷക ഘടകങ്ങൾക്ക് ഇതിൽ കൂടുതൽ മാൽ സെക്രട്ടറിമാരെ സഹായിക്കാനില്ല. മാൽ സെക്രട്ടറിയുമായി സഹകരിക്കണമെന്നും ചന്ദയുടെ ആത്മാവ് എന്താണെന്ന് മനസ്സിലാക്കാനും തങ്ങളുടെ അംഗങ്ങളെ ഓർമപ്പെടുത്താവുന്നതാണ്. ഏതായിരുന്നാലും ചന്ദയുടെ ആത്മാവ് എന്താണെന്ന് മനസ്സിലാക്കേണ്ടത് പോഷക ഘടകങ്ങളുടെ കടമയാകുന്നു. പക്ഷെ അതുകൊണ്ടൊന്നും മാൽ സെക്രട്ടറിയുടെ ഉത്തരവാദിത്വം ഇല്ലാതാകുന്നില്ല... ഓരോ പ്രാദേശിക തലത്തിലും ഒരോ ഭവനത്തിലും എത്താൻ ശ്രമിക്കേണ്ടത് മാൽ സെക്രട്ടറിയുടെ കർത്തവ്യമാകുന്നു. ഇപ്പോൾ ഫോണും മറ്റ് മാർഗങ്ങളും വാഹനങ്ങളുമുണ്ട്.

## നാഇബ് സെക്രട്ടറി മാൽ :

സെക്രട്ടറി മാലിൽ നിന്ന് കുടിശ്ശികയുള്ളവരെ സംബന്ധിച്ചുള്ള വിവരങ്ങൾ വാങ്ങി അവരുമായി ബന്ധപ്പെടുക. അവരോട് കുടിശ്ശിക അടയ്ക്കാൻ പറയുക. ചന്ദ കൊടുക്കാത്തവരുമായി ബന്ധപ്പെട്ട് അവരെ ചന്ദ കൊടുക്കുന്നവരാക്കുക.

നവ അഹ്മദികളെ ചന്ദയിൽ ഭാഗഭാക്കാക്കുക. ജമാഅത്തീ വ്യവസ്ഥിതിയുടെ സ്ഥായിയായ ഉറച്ച ഘടകമായിത്തീരാൻ അവർക്ക് ശിക്ഷണം നല്കുക.

## സെക്രട്ടറി വസായ :

വസിയത്ത് വ്യവസ്ഥിയിൽ പങ്കെടുക്കാനുള്ള സായിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്‌യുടെ ആഹ്വാനത്തെ പരിഗണിക്കുമ്പോൾ ഈ തസ്തികയുടെ പ്രാധാന്യം ഇപ്പോൾ നേരത്തേതിനേക്കാളും എത്രയോ വർദ്ധിച്ചിരിക്കുന്നു. ഈ തസ്തികയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നവർ മൂസിയായിരിക്കേണ്ടത് നിർബന്ധമാണ്. വസിയത്ത് വ്യവസ്ഥിതിയുടെ ബന്ധം, അനിതരസാധാരണമായ ധനത്യാഗവുമായിട്ടാണ്. ഹുസൂർ തിരുമനസ്സിന്റെ ആഹ്വാനവും അഭിലാഷവും മുൻനിർത്തി ജമാഅത്തിലെ അമ്പത് ശതമാനം ആളുകളെങ്കിലും പരിശുദ്ധ വസിയത്ത് വ്യവസ്ഥിതിയിൽ ഭാഗഭാക്കാക്കാൻ ശ്രമിക്കുക. ബിഹിശ്തി മഖ്ബറ ഓഫീസിൽനിന്ന് ലഭിക്കുന്ന നിർദ്ദേശങ്ങളേയും സർക്കുലറുകളേയും പ്രാവർത്തികമാക്കുക. ജമാഅത്തിലെ മൂസി

കളുടെ എല്ലാ കാര്യത്തിലും മാർഗദർശനം നൽകേണ്ടതും വസായാസെക്രട്ടറിയുടെ ചുമതലയാണ്.

പ്രാദേശിക ജമാഅത്തിലെ എല്ലാ മൂസിമാരുടേയും സമ്പൂർണ ലിസ്റ്റ് ഉണ്ടായിരിക്കണം. കൂടാതെ ഈ ലിസ്റ്റ് നടപ്പുവർഷം പൂർത്തീകരിച്ചുകൊണ്ടിരിക്കുകയും വേണം. സ്ഥലം മാറി പോകുന്നവരും ജമാഅത്തിൽ പുതുതായി വരുന്നവരുമായ മൂസിമാരെ സംബന്ധിച്ച് കേന്ദ്ര ഓഫീസിനെ അറിയിക്കുക. മജ്‌ലിസ് മൂസിയാന്റെ മീറ്റിംഗ് സമയാസമയം സംഘടിപ്പിക്കുക, മൂസിമാരുടെ ഓഫീസ് കത്തുകൾക്ക് യഥാസമയം മറുപടി നൽകുക, അഡ്രസ് മാറിയാൽ യഥാസമയം കേന്ദ്രത്തെ അറിയിക്കാൻ നിർദ്ദേശം നൽകുക.

വിശുദ്ധ ഖുർആൻ നോക്കി ഓതാൻ അറിയാത്ത മൂസിമാരെ നോക്കി ഓതാൻ പഠിപ്പിക്കുക, ഓതാൻ അറിയുന്നവരെ തർജമ പഠിപ്പിക്കാനും, തഫ്സീർ പഠിപ്പിക്കാനും പദ്ധതി ആസൂത്രണം ചെയ്യുക, ഓരോ മൂസിയും കുറഞ്ഞത് വിശുദ്ധ ഖുർആൻ ഓതാൻ അറിയാത്ത രണ്ട് പേരെയെങ്കിലും പഠിപ്പിക്കാൻ സംവിധാനം ചെയ്യുക.

മൂസിമാരെ, വസിയ്യത്ത് നിയമാവലി സംബന്ധിച്ച് ബോധവൽക്കരിക്കാൻ ഏർപ്പാട് ചെയ്യുക. വസിയ്യത്ത് സംബന്ധിച്ച് അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ മാർഗ നിർദ്ദേശങ്ങളും സഹായവും നൽകുക.

തങ്ങളുടെ ജീവിത കാലത്ത് തന്നെ ജായിദാദ് (സ്വത്ത്) നിജപ്പെടുത്താൻ ആഗ്രഹിക്കുന്നുവെങ്കിൽ മാർഗ നിർദ്ദേശങ്ങളും സഹായവും നൽകുക.

മൂസി മരണപ്പെട്ടാൽ അദ്ദേഹത്തിന്റെ അനന്തരാവകാശികൾക്ക് വേണ്ട അവശ്യവിവരങ്ങൾ നൽകുകയും ഇക്കാര്യത്തിൽ സാധ്യമാകുന്നിടത്തോളം അവരെ സഹായിക്കുകയും ചെയ്യുക.

പ്രാദേശിക ജമാഅത്തിന്റെ ഓഫീസിൽ വസിയ്യത്ത് പുസ്തകം, വസിയ്യത്ത് ഫോറം, മറ്റ് അവശ്യ ഫോറങ്ങൾ സംഘടിപ്പിക്കുകയും ആവശ്യാനുസരണം അംഗങ്ങൾക്ക് നൽകുകയും ചെയ്യുക.

ചില സമയങ്ങളിൽ കേന്ദ്രം മൂസിക്കുള്ള കത്തുകൾ, പ്രാദേശിക വസിയ്യത്ത് സെക്രട്ടറി മുഖേന അയക്കാറുണ്ട്. അത്തരം സന്ദർഭ

ങ്ങളിൽ ഈ കത്തുകൾ മൂസിമാർക്ക് യഥാസമയം എത്തിക്കുകയും കേന്ദ്രത്തിന് യഥാസമയം മറുപടി നൽകാൻ അവരോട് നിർദ്ദേശിക്കുകയും ചെയ്യുക.

## സെക്രട്ടറി ഇശാഅത്ത്:

നസാറത്ത് നശ്റോ ഇശാഅത്തിന്റെ നിർദ്ദേശങ്ങളനുസരിച്ച്, അവരിൽ നിന്ന് മാർഗനിർദ്ദേശങ്ങൾ തേടി പ്രവർത്തിക്കുക. ജമാഅത്തിനു വേണ്ടി പുസ്തകങ്ങൾ സംഘടിപ്പിച്ചു കൊടുക്കുക, ജമാഅത്തിന്റെ പ്രസിദ്ധീകരണ കാര്യങ്ങളിൽ കേന്ദ്ര നിർദ്ദേശ പ്രകാരം പ്രവർത്തിക്കുക.ജമാഅത്തീ പത്രമാസികകളിൽ ഉചിതമായ ലേഖനങ്ങൾക്കും പരസ്യത്തിനും വേണ്ടി ശ്രമിക്കുക. ഇസ്ലാമിനും അഹ്മദിയ്യത്തിനും അനുകൂലമോ പ്രതികൂലമോ ആയ പത്രമാസികകൾ നോട്ടീസുകൾ എന്നിവ കേന്ദ്രത്തിന് എത്തിച്ചു കൊടുക്കുക, സൂക്ഷിക്കുക. പ്രാദേശിക ജമാഅത്തിന്റെ ചരിത്രം സംരക്ഷിക്കുകയും രേഖപ്പെടുത്തുകയും പ്രസിദ്ധീകരിക്കുകയും ചെയ്യേണ്ടത് ഇശാഅത്ത് സെക്രട്ടറിയുടെ ഉത്തരവാദിത്വമാണ്. ഇക്കാര്യത്തിൽ ഖാദിയാനിലെ ചരിത്ര വിഭാഗം കേന്ദ്ര ഓഫീസിൽ ബന്ധപ്പെടുക.

## അഡീഷണൽ സെക്രട്ടറി ഇശാഅത്ത് (എം.ടി.എ) :

ഈ സെക്രട്ടറിയും നസാറത്ത് നശ്റോ ഇശാഅത്തുമായി ബന്ധപ്പെടുകയും മാർഗനിർദ്ദേശങ്ങൾ കരസ്ഥമാക്കുകയും വേണം. ജമാഅത്തിൽ ജമാഅത്തീ തലത്തിൽ എം.ടി.എ ഡിഷ് ഏർപ്പെടുത്തുക, വ്യക്തിപരമായും വീടുകളിൽ എം.ടി.എ സ്ഥാപിക്കാൻ ആഹ്വാനം ചെയ്യുക, ജമാഅത്ത് അംഗങ്ങളെ എം.ടി.എ പ്രയോജനപ്പെടുത്താൻ ശ്രദ്ധക്ഷണിക്കുക.

## സെക്രട്ടറി ജാഇദാദ്:

നിസാമത്തെ ജാഇദാദിന്റെ നിർദേശങ്ങളനുസരിച്ച് ജമാഅത്തിന്റെ സ്വത്തുവഹകളുടെ മേൽനോട്ടത്തിനും സംരക്ഷണത്തിനുമുള്ള സംവിധാനം ചെയ്യുക. എല്ലാത്തരം സ്ഥാവരജംഗമ സ്വത്തുക്കളുടെയും രേഖകൾ ശരിയാക്കിയും പൂർണമാക്കിയും വെക്കുക. സദ്ർ അഞ്ചുമൻ അഹ്മദിയ്യാ ഖാദിയാന്റെ പേരിൽ രജിസ്റ്റർ ചെയ്യുകയും പോക്കുവരവ് നടപടികൾ പൂർത്തിയാക്കി ബന്ധപ്പെട്ട പ്രമാണങ്ങൾ റെക്കോർഡ് ചെയ്യുന്നതിനു വേണ്ടി നിസാമത്തെ ജാഇദാദ് ഖാദിയാനിലേക്ക് അയക്കുക.

എല്ലാ സ്ഥാവരജംഗമ സ്വത്തുക്കളുടേയും പട്ടികയും വിശദാംശങ്ങളും ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി അതിന്റെ ഒരു കോപ്പി നിസാമത്തെ ജാഇദാദിലേക്ക് അയ്ക്കേണ്ടത് നിർബന്ധമാണ്.

ജമാഅത്തീ കെട്ടിടങ്ങൾ ശ്രദ്ധിക്കുക, മേൽനോട്ടം വഹിക്കുക, കെട്ടിടങ്ങളുടെ സമ്പൂർണ റിക്കാർഡ് ഒരു രജിസ്റ്ററിൽ രജിസ്റ്ററിൽ വെക്കുക, അവയുടെ സമ്പൂർണ ലിസ്റ്റും പ്രദേശിക അംഗീകൃത മാപ്പുകളും തങ്ങളുടെ റിക്കാർഡിൽ സൂക്ഷിക്കുക, അതിന്റെ ഒരു കോപ്പി കേന്ദ്രത്തിലും സൂക്ഷിക്കാൻ നൽകുക, ഓരോ കെട്ടിടത്തിലും ആവശ്യാനുസരണം വരുന്ന അറ്റകുറ്റപണികളുടെ റിക്കാർഡ് വെക്കുക. കൺസ്ട്രക്ഷൻ സാധനങ്ങളുടേയും സ്റ്റോറിന്റേയും റിക്കാർഡ് വെക്കുക. സദ്ർ അഞ്ചുമൻ അഹ്മദിയ്യയുടെ എല്ലാ സ്ഥാവരജംഗമ സ്വത്തുക്കളുടേയും (സാധനങ്ങളും തുകയും) എല്ലാ സംവിധാനങ്ങളും ചെയ്യുക. ഉദാ: എല്ലാ പ്രധാന പ്രമാണങ്ങളുടേയും (രജിസ്ട്രേഷൻ കോപ്പികൾ, ഉടമസ്ഥാവകാശം) റിക്കാർഡ് വെക്കുക, ഒർജിനൽ പ്രമാണങ്ങൾ കേന്ദ്രത്തിലേക്ക് അയക്കുക. ജമാഅത്തീ സ്വത്ത് വഹകൾ സംബന്ധിച്ച് എല്ലാത്തരം കേസുകളും നടത്തുക, സ്വത്ത് ക്രയവിക്രയം ചെയ്യുക, പാട്ടത്തിനു കൊടുക്കുക, വാടകക്ക് കൊടുക്കുക, വാങ്ങുക (നസാമത്ത് ജാഇദാദിന്റെ അനുമതിയോടുകൂടി താമസത്തിനോ വാടകക്കോ കൊടുക്കുമ്പോൾ ലൈസൻസ് ഡീഡ് പൂർത്തിയാക്കേണ്ടതാണ്) പണയം കൊടുക്കൽ വാങ്ങൽ, വിൽപ്പന അല്ലെങ്കിൽ മറ്റേതെങ്കിലും വിധത്തിൽ കൈമാറ്റം ചെയ്യുകയോ സ്വീകരിക്കുകയോ ചെയ്യുന്നത് കേന്ദ്ര അനുമതിയോടെയായിരിക്കും. ഇത് സംബന്ധിച്ച നടപടികൾ ജാഇദാദ് സെക്രട്ടറിയാണ് ചെയ്യേണ്ടത്. ജമാഅത്തീ ആവശ്യങ്ങൾക്ക് വാങ്ങുന്ന സാധങ്ങൾ അഞ്ഞൂറോ അതിലധികമോ തുകക്കുള്ളതാണെങ്കിൽ അത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കേണ്ടത് നിർബന്ധമാണ്. ഇതിനു വേണ്ടി രജിസ്റ്റർ ഉണ്ടാക്കുകയും ബന്ധപ്പെട്ട സാധങ്ങൾ അതിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടത് ജാഇദാദ് സെക്രട്ടറിയുടെ കടമയാണ്.

## സെക്രട്ടറി സിയാഫത്ത്:

ജമാഅത്തിൽ വരുന്ന അതിഥിയുടെ ആതിഥ്യത്തിനുള്ള അമീർ/സദ്ർന്റെ നിർദേശമനുസരിച്ച് ഏർപ്പാടുകൾ ചെയ്യുക. അവർക്ക് ഉചിതമായ വിധത്തിൽ താമസസൗകര്യം ഏർപ്പെടുത്തുക.

## സെക്രട്ടറി തഹ്‌രീക്കെ ജദീദ്:

വക്കാലത്തെ മാൽ തഹ്‌രീക്കെ ജദീദിന്റെ ഓഫീസിൽനിന്നുള്ള നിർദേശങ്ങൾ ജമാഅത്തംഗങ്ങളെ അറിയിച്ചുകൊണ്ട് തഹ്‌രീക്കെ ജദീദ് ചന്ദയുടെ പ്രാധാന്യത്തിലേക്ക് അവരുടെ ശ്രദ്ധക്ഷണിക്കുക. പുതുവർഷ പ്രഖ്യാപന വിളംബരത്തോടൊപ്പം തന്നെ വാഗ്ദാനങ്ങളുടെ ബഡ്ജറ്റ് തയ്യാറാക്കി കേന്ദ്രത്തിലേക്കയക്കുക. വാഗ്ദാനമനുസരിച്ച് ചന്ദ പിരിക്കുന്നതിനായി എല്ലാവിധത്തിലും പരിശ്രമിക്കുക.വ്യക്തിഗത വാഗ്ദാനങ്ങളും അതനുസരിച്ചിട്ടുള്ള പിരിവിന്റെ കണക്കും തന്റെ കൈയിൽ സൂക്ഷിക്കേണ്ടത് തഹ്‌രീക്കെ ജദീദ സെക്രട്ടറിയുടെ ചുമതലയാണ്.

ഒന്നാം രജിസ്റ്ററിൽ ഉൾപ്പെടുന്ന മർഹൂമീംകളുടെ ലഡ്ജർ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) യുടെ ആഗ്രഹപ്രകാരം ഖിയാമത്ത്വരേയും സജീവമായി നിലനിർത്താൻ അവരുടെ അനന്തരാവകാശികളോട് പ്രസ്തുത മർഹൂമീംകളുടെ പേരിൽ വാഗ്ദാനം എഴുതിക്കുകയും തഹ്‌രീക് ജദീദിന്റെ സാമ്പത്തിക വർഷം (ഒക്ടോബർ 31) അവസാനിക്കുന്നതിനു മുമ്പേ നൂറ് ശതമാനം പിരിവും ഉറപ്പു വരുത്തുകയും ചെയ്യുക.

<u>തഹ്‌രീക് ജദീദ് ചന്ദ കൊടുക്കുന്നവരുടെ രജിസ്റ്റർ വിവരം:</u>

1. ലെഡ്ജർ (ദഫ്ത്തർ) ഒന്ന്: 1934 മുതൽ 1944 വരെയുള്ള കാലയളവിൽ തഹ്‌രീക് ജദീദ് ചന്ദ കൊടുത്തു തുടങ്ങിയവർ.
2. ലെഡ്ജർ (ദഫ്ത്തർ) രണ്ട്: 1944 മുതൽ 1965 വരെയുള്ള കാലയളവിൽ തഹ്‌രീക് ജദീദ് ചന്ദ കൊടുത്തു തുടങ്ങിയവർ.
3. ലെഡ്ജർ (ദഫ്ത്തർ) മൂന്ന്: 1965 മുതൽ 1985 വരെയുള്ള കാലയളവിൽ തഹ്‌രീക് ജദീദ് ചന്ദ കൊടുത്തു തുടങ്ങിയവർ.
4. ലെഡ്ജർ (ദഫ്ത്തർ) നാല് : 1985 മുതൽ 2004 വരെയുള്ള കാലയളവിൽ തഹ്‌രീക് ജദീദ് ചന്ദ കൊടുത്തു തുടങ്ങിയവർ.
5. ലെഡ്ജർ (ദഫ്ത്തർ) അഞ്ച്: 2004 മുതൽ തഹ്‌രീക് ജദീദ് ചന്ദ കൊടുത്തു തുടങ്ങിയവർ.

സെക്രട്ടറിമാർ ഈ കാലയളവനുസരിച്ച് അവരുടെ ലഡ്ജർ നമ്പറും ചേർക്കുക.

തഹ്‌രീക് ജദീദ് വക്കാലത്ത് മാൽ നൽകുന്ന നിർദ്ദേശങ്ങൾക്ക്

അനുസരിച്ച് തഹ്രീക് ജദീദ് ചന്ദയുടെ പ്രാധാന്യം ജമാഅത്ത് അംഗങ്ങളെ ബോദ്ധ്യപ്പെടുത്തുക.

## സെക്രട്ടറി വഖ്ഫെ ജദീദ്:

വഖ്ഫെ ജദീദിന്റെയും. നിസാമത്തെ മാൽ വഖ്ഫെ ജദീദിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ കുറിച്ച് ജമാഅത്ത് അംഗങ്ങളെ ബോധവൽക്കരിക്കുക. 1957 ലാണ് വഖ്ഫെ ജദീദ് ആരംഭിച്ചത്. കൂടുതൽ കൂടുതൽ പേരെ വഖ്ഫെ ജദീദിന്റെ സാമ്പത്തിക ത്യാഗത്തിൽ ഉൾപ്പെടുത്തുക. തങ്ങളുടെ മർഹൂമീംകളുടെ ഭാഗത്തു നിന്നും വഖ്ഫെ ജദീദ് ചന്ദ കൊടുക്കാൻ ജമാഅത്ത് അംഗങ്ങളെ പ്രേരിപ്പിക്കുക. അംഗങ്ങളിൽ നിന്ന് വഖ്ഫ് ജദീദ് ചന്ദ വാഗ്ദാനം വാങ്ങുക, അവരുടെ വ്യക്തിഗത റിക്കാർഡ് വെക്കുക, കേന്ദ്ര ഓഫീസിൽ നിന്ന് അയച്ചു തരുന്ന ടാർഗറ്റ് പൂർത്തിയാക്കാൻ ശ്രമിക്കുക, നിസാമത്ത് മാൽ നിർദേശിക്കുന്നതനുസരിച്ച് വഖ്ഫെ ജദീദ് ദിനം, വാരം, ദശദിനം ആചരിക്കുക.

## സെക്രട്ടറി വഖ്ഫെ നൗ:

എല്ലാ വഖ്ഫെ നൗ അംഗങ്ങളുടേയും വ്യക്തിഗത റെക്കോർഡുകൾ സൂക്ഷിക്കുക. അവരുടെ ഫയലുകൾ പൂർത്തിയാക്കി വെക്കുക. നാസിർ സാഹിബ് തഅ്ലീമിന്റെയും വഖ്ഫെ നൗ ഓഫീസ് ഇൻചാർജ്ജ് സാഹിബിന്റേയും നിർദേശങ്ങളനുസരിച്ച് വഖ്ഫെ നൗ കുട്ടികളെ ജമാഅത്തിന്റെ ഏറ്റവും നല്ല മുതലെന്ന നിലയിൽ സംരക്ഷിക്കുക.അവർക്ക് കൃത്യമായി ക്ലാസ്സുകൾ സംഘടിപ്പിക്കുക.അവർക്ക് മാർഗനിർദേശം നല്കുക.അവരുടെ ഭാവിയെ സംബന്ധിച്ച് കാരിയർ പ്ലാനിംഗ് കമ്മിറ്റിയിൽ കൃത്യസമയത്ത് അവരുടെ കാര്യങ്ങൾ അവതരിപ്പിക്കേണ്ടതും വഖ്ഫെ നൗ സെക്രട്ടറിയുടെ ചുമതലയാണ്.

## മുഹാസിബ് വ അമീൻ:

ഈ രണ്ട് കടമയും സെക്രട്ടറി മാലാണ് നിർവ്വഹിച്ചുവരുന്നത്. സെക്രട്ടറി മാലിന്റെ ജോലി വിപുലപ്പെടുന്ന സാഹചര്യത്തിൽ മുഹാസിബ് അമീൻ എന്നിവരെ നിയമിക്കാവുന്നതാണ്. അല്ലാത്ത പക്ഷം ആവശ്യമില്ല. മുഹാസിബിന്റെ പ്രവർത്തി ജമാഅത്തിന്റെ കണക്കുകൾ സൂക്ഷിക്കുകയാണ്. വരവ് ചെലവ് കണക്കുകൾ വെവ്വേറെ ആയിരിക്കണം. സെക്രട്ടറി മാലിൽ നിന്ന് പണം വാങ്ങി

സൂക്ഷിക്കുകയും പണമയക്കേണ്ട സമയത്ത് അത് സെക്രട്ടറി മാലിനെ ഏൽപ്പിക്കുകയുമാണ് അമീനിന്റെ ജോലി.

## ഓഡിറ്റർ :

സദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ നിയമാവലി അനുസരിച്ച് തദ്ദേശ ജമാഅത്തിന്റെ കണക്കുകൾ പരിശോധിക്കുക. തന്റെ റിപ്പോർട്ട് അവലോകന രജിസ്റ്ററിലോ, ഡേബുക്ക് രജിസ്റ്ററിലോ രേഖപ്പെടുത്തുക. തെറ്റുകൾ കണ്ടെത്തിയാൽ അതു ശരിയാക്കുക. തദ്ദേശ ജമാഅത്തിന്റെ ത്രൈമാസ/വാർഷികഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കി നസാറത്ത് ബയ്ത്തുൽമാൽ ആമദിന് അയക്കുക. ഈ റിപ്പോർട്ടിന്റെ കോപ്പി തദ്ദേശ അമീർ/സ്വദ്ർ ജമാഅത്തിന് കൊടുക്കുക. ഈ റിപ്പോർട്ട് മജ്ലിസെ ആമിലയിൽ മാൽ സെക്രട്ടറിയാണ് അവതരിപ്പിക്കുക.

## ഇമാമുസ്സ്വലാത്ത്

നിയമാവലി അനുസരിച്ച് ജമാഅത്തിൽ ഒന്നിലധികം ഇമാമുസ്സ്വലാത്ത് നിശ്ചയിക്കപ്പെടേണ്ടതാണ്. അവർ ശരിയായ ഉച്ചാരണ ശുദ്ധിയോടെ നമസ്കാരത്തിന് ഇമാമത്ത് വഹിക്കാൻ കഴിവുള്ളവരായിരിക്കണം. ജമാഅത്തിൽ മുബല്ലിഗ്/മുഅല്ലിം ഉണ്ടെങ്കിലും ഇമാമത്തിനുള്ള പ്രഥമ ഉത്തരവാദിത്വം അമീറിനും തുടർന്ന് ഇമാമുസ്സ്വലാത്തിനും ആയിരിക്കും. മുബല്ലിഗ്/മുഅല്ലിമിന്റേതല്ല. സമയത്തിന് ഇമാമുസ്സ്വലാത്ത് ഇല്ലെങ്കിൽ മുബല്ലിഗ്/മുഅല്ലിം ഇമാമത്ത് വഹിക്കാവുന്നതാണ്. *(അവ: സർക്കുലർ നസാറത്ത് ഉൽയാ 53/ 02.11.17)*

## മുഹസ്സിലീന്റെ കടമകൾ

തന്റെ ഏരിയയിലെ ജമാഅത്തംഗങ്ങളുമായി പരിചയപ്പെടുക. അവരിൽ നിന്നും എല്ലാത്തരം ജമാഅത്ത് ചന്ദയും പിരിക്കുക. പിരിച്ചെടുക്കുന്ന ചന്ദയും രസീത് ബുക്കും മാസത്തിൽ രണ്ടു തവണ മാൽ സെക്രട്ടറിയെ ഏൽപ്പിക്കുക.

## വിവാഹകാര്യ സെക്രട്ടറി

ജമാഅത്തിൽ വിവാഹയോഗ്യരായവരുടെ ഡാറ്റ ശേഖരിക്കുക, പ്രാദേശിക റിക്കാർഡ്, കേന്ദ്ര റിക്കാർഡ് പ്രകാരം പൂർത്തിയാക്കുക. എല്ലാ ഡാറ്റയും രഹസ്യമാക്കി വെച്ച് ബന്ധങ്ങൾക്ക് അഭി

പ്രായം നൽകുക, അംഗങ്ങൾക്ക് വിവാഹ ഫോറം സംഘടിപ്പിച്ചു നൽകുക, വിധവകളുടെ വിവാഹത്തിന് ശ്രമിക്കുക, തർബിയ്യത്ത് യോഗങ്ങളിൽ അനാചാരങ്ങളിൽ നിന്ന് വിട്ട് നിൽക്കാൻ ഉപദേശിക്കുക, ജമാഅത്തീ സമ്പ്രദായത്തിന് നിരക്കാത്ത പ്രവണത കണ്ടാൽ ചട്ടപ്രകാരം നടപടികൾ സ്വീകരിക്കുക.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) പറയുന്നു :

വിവാഹബന്ധങ്ങൾ ആലോചിക്കുന്നവർ, ഇരുകൂട്ടരുടേയും അവസ്ഥകൾക്കനുസരിച്ച ഉചിതമായ ചുറ്റുപാടും (കുഫ്‌വ്) പൊരുത്തവും ചേർച്ചയുള്ളതുമായ ബന്ധങ്ങൾ നിർദ്ദേശിക്കേണ്ടതാണ്. പക്ഷെ ഉത്തരവാദിത്വമേൽക്കുകയല്ല വേണ്ടത്, മറിച്ച് ഇരുകൂട്ടരോടും അവർ സ്വയം തൃപ്തിപ്പെടണമെന്ന് വ്യക്തമാക്കുക. *(അൽഫദ്ൽ ഇന്റർനാഷ്ണൽ 14/07/2005, പേജ്:3)*

## ഖാളി

നമുക്കിടയിൽ തദ്ദേശ തലത്തിലും കേന്ദ്രതലത്തിലും ജമാഅത്തുകളിലും ഖളാ എന്നൊരു സംവിധാനമുണ്ട്. ഖളായുടെ കാര്യത്തിലും ഖാളിമാർ മുൻവിധിയില്ലാതെ, ദുആ ചെയ്ത് പിന്നെ വിഷയങ്ങളിലേക്ക് കടക്കേണ്ടതാണ്. *(ഖുത്ബ ജുമുഅ 05/12/2003)*

അല്ലാഹു എല്ലാ ഭാരവാഹികൾക്കും തങ്ങളുടെ ഉത്തരവാദിത്വങ്ങൾ മനസ്സിലാക്കാനും നീതിയുടെ തേട്ടം പൂർത്തീകരിക്കാനും തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ.

# ജില്ലാ അമീർമാരുടെ കടമകളും കർത്തവ്യങ്ങളും

1. ജില്ലയിലെ എല്ലാ ജമാഅത്തുകളുടേയും Update തജ്നീദും പ്രവർത്തക സമിതികളുടെ ലിസ്റ്റും ജില്ലാ അമീറിന്റെ പക്കൽ ഉണ്ടായിരിക്കേണ്ടത് അനിവാര്യമാണ്.
2. ജില്ലാ അമീറിന് ഒരു ഓഫീസ് ഉണ്ടായിരിക്കണം, അതിൽ ഫോൺ, ഫാക്സിനുള്ള സൗകര്യവും ജില്ലാ ആമില മെമ്പർമാരുടെ ഫയലുകളും ഉണ്ടായിരിക്കണം. ഈ ഫയലുകൾ വിലയിരുത്തിക്കൊണ്ടാണ് അവർ കേന്ദ്ര നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ നടപടികൾ കൈക്കൊള്ളുന്നത്. ഫാക്സ് മെഷീൻ ഇല്ലെങ്കിൽ നസാറത്ത് ഉൽയയിലേക്ക് എഴുതി കരസ്ഥമാക്കേണ്ടതാണ്.
3. എല്ലാ കേന്ദ്ര ഓഫീസുകളിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ എങ്ങനെയാണ് കർമപഥത്തിൽ കൊണ്ടുവരുന്നതെന്ന് അവലോകനം നടത്തിക്കൊണ്ടിരിക്കേണ്ടത് ജില്ലാ അമീറിന്റേയും ആമില അംഗങ്ങളുടേയും സുപ്രധാന ഉത്തരവാദിത്വമായിരിക്കും.
4. എല്ലാ ജമാഅത്തുകളിൽ നിന്നും സെക്രട്ടറിമാരുടെ മാസാന്ത്യ പ്രവർത്തന റിപ്പോർട്ട് കൃത്യമായി അയപ്പിക്കുന്നതിന് ഏർപ്പാട് ചെയ്യുക.
5. ജില്ലാ അമീറിന്റെ മാസാന്ത്യ പ്രവർത്തന റിപ്പോർട്ട് ഫോറം എല്ലാ മാസവും പൂരിപ്പിച്ച് അയക്കുക.
6. എല്ലാ മാസവും ജില്ലാ മജ്ലിസ് ആമിലയുടെ ഒരു മീറ്റിംഗ് നിർബന്ധമായും ചേരുക.
7. താൽക്കാലിക ധനസഹായം/വിവാഹ ധനസഹായം/ചികിത്സാ ധനസഹായം /മറ്റ് ധനസഹായങ്ങൾ എന്നിവ സംബന്ധമായി ആവശ്യക്കരുടെ അപേക്ഷകൾ ഖിദ്മത്ത് ഖൽഖ് കമ്മിറ്റി സദ്ർനു അയക്കുക.

8. ജില്ലാതലത്തിൽ ഒരു ലൈബ്രറിയെങ്കിലും സ്ഥാപിക്കേണ്ട താണ്.

9. എല്ലാ മാസവും ജില്ലാ അമീറോ അദ്ദേഹത്തിന്റെ പ്രതിനിധി യോ ജില്ലയിലുള്ള ജമാഅത്തുകൾ സന്ദർശിക്കേണ്ടതാണ്. അതിൽ താഴെ ചേർക്കുന്ന കാര്യങ്ങൾ വിലയിരുത്തേണ്ടതാണ്.

i. ഹുസൂർ തിരുമനസ്സിൽ നിന്നുള്ള നാലിന പ്രോഗ്രാമിന്റെ അവലോകനം നടത്തുക. *(അവ: സർക്കുലർ നസാറത്ത് ഉൽയാ 53/02.11.17)*

ii. നിർബന്ധ ചന്ദകൾ, തഹ്‌രീക് ജദീദ്, വഖ്ഫെ ജദീദ് എന്നി വയുടെ ബഡ്ജറ്റുകൾ തയ്യാറാക്കി കേന്ദ്രത്തിലേക്ക് അയച്ചി ട്ടുണ്ടോ? പിരിവിനും വർദ്ധനവിനും പ്രത്യേക ശ്രദ്ധ ചെലു ത്തുക.

iii. വഖ്ഫെ നൗ ആൺകുട്ടികളേയും പെൺകുട്ടികളേയും സംബന്ധിച്ച അവലോകനം.

iv. ജാമിഅ അഹ്മദിയ്യയിൽ വഖ്ഫെ നൗ കുട്ടികളെ അയക്കു ന്നതിനുള്ള ആഹ്വാനവും പരിശ്രമവും.

v. തഅ്ലീമുൽ ഖുർആൻ ക്ലാസുകളുടെ സംവിധാനം. വഖ്ഫെ ആർസി പദ്ധതിയിൽ ഭാഗഭാക്കാകുന്നതിന്നുള്ള ആഹ്വാന വും പരിശ്രമവും.

vi. ദഅ്വത്തെ ഇലല്ലാഹ് സംബന്ധമായി ദാഈ ഇലല്ലാഹ് മാരെ തയ്യാറാക്കലും അവരെ കർമനിരതരാക്കലും.

vii. ജമാഅത്തുകളിൽ മസ്ജിദ്/മിഷൻഹൗസുകളുടെ സ്ഥിതി എന്താണ്? രജിസ്ട്രി സംബന്ധിച്ച ഒർജിനൽ ഡോക്യുമെ ന്റ്സ് കേന്ദ്രത്തിലെ നസാമത്ത് ജാഇദാദ് ഓഫീസിലേക്ക് അയച്ചുകൊടുത്തുട്ടുണ്ടോ? മസ്ജിദ്/മിഷൻ ഹൗസ് ഇല്ലെ ങ്കിൽ അത് നിർമിക്കുന്നത് സംബന്ധിച്ച് എന്ത് സ്കീമാണു ള്ളത്?

viii. ജമാഅത്ത് അംഗങ്ങളുടെ പ്രശ്നങ്ങളുംപരസ്പരമുള്ള തർ ക്കങ്ങളും മറ്റും പരിഹരിക്കുന്നതിന്ന് ഇസ്‌ലാഹീ കമ്മിറ്റി എന്ത് നടപടികളാണ് കൈക്കൊണ്ടത്? ഇസ്‌ലാഹീ കമ്മിറ്റി യെ കർമനിരതമാക്കാനുള്ള പരിശ്രമങ്ങൾ. കൂടാതെ മൂസി മാരുടെ എണ്ണം വർദ്ധിപ്പിക്കാൻ ശ്രമിക്കുക, വിവാഹ സംബ ന്ധമായ പ്രശ്നങ്ങൾ സംബന്ധിച്ച അവലോകനം.

ix. മജ്‌ലിസ്ശൂറ തീരുമാനങ്ങൾ പ്രാവർത്തികമാക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട കേന്ദ്ര ഓഫീസുകൾക്ക് ത്രൈമാസ റിപ്പോർട്ട് നൽകുക.

x. ജമാഅത്ത് ഭാരവാഹികളുടെ പ്രവർത്തനം സംബന്ധിച്ച് ഹുസൂർ തിരുമനസ്സ്, നാസിർ അഅ്‌ലാ ഖാദിയാന് നൽകിയ നിർദ്ദേശത്തിൽ പറയുന്നു :

*എല്ലാ അമീർ/സദ്ർമാരുടേയും ഫയൽ തയ്യാറാക്കുക. മൂന്ന് നാല് പ്രാവശ്യം ഓർമപ്പെടുത്തിയിട്ടും മാസാന്തര പ്രവർത്തന റിപ്പോർട്ട്/ അതേക്കുറിച്ചുള്ള വിശദീകരണം/കേന്ദ്രത്തിൽ നിന്നുള്ള കത്തുകൾക്ക് മറുപടി നൽകാത്ത അമീർ/സദ്ർമാരെക്കുറിച്ച് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിറ്റിയിൽ വെക്കുക. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിറ്റി പ്രസ്തുത അമീർ/സദ്റിനെ മാറ്റുന്നത് സംബന്ധിച്ച് പൂർണമായ അവലോകനത്തിനു ശേഷം തങ്ങളുടെ മൊത്തത്തിലുള്ള റിപ്പോർട്ട് ഇവിടേക്ക് മാർഗദർശനത്തിനും അംഗീകാരത്തിനുമായി അയക്കുക. അംഗീകാരത്തിനു ശേഷം അമീർ/സദ്ർനെ മാറ്റുന്നതു സംബന്ധിച്ച ചട്ടപ്രകാരം തിരഞ്ഞെടുപ്പ്/നിയമനത്ത്നുള്ള നടപടികൾ ആകാവുന്നതാണ്.*

*തങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റാനും ജമാഅത്തുകളുടെ മാസാന്തര റിപ്പോർട്ട് യഥാസമയം അയക്കാനും അല്ലാത്തപക്ഷം നിങ്ങൾക്കെതിരെ മേൽ നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ നടപടിയെടുക്കാതിരിക്കാൻ സാധ്യമല്ലെന്നും ഇനി മുതൽ ഇതാണ് നിർദ്ദേശമെന്നും ഇത്തരം എല്ലാ അമീർ/സദ്ർമാരെയും പ്രത്യേകമായി അറിയിക്കുക.*

*പദവികളിൽ ഉപവിഷ്ഠരാകുന്നതല്ല വലിയ കാര്യം യഥാർഥ സംഗതി പ്രസ്തുത പദവിയുടേയും ഉത്തരവാദിത്വത്തിന്റേയും കടമ നിർവഹിക്കുകയാണ്.* (Ref Letter :QND -7196/04.05.2013)

# ഭാരവാഹികൾക്കുള്ള വിലയേറിയ ഉപദേശങ്ങൾ

**ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്)ന്റെ ഉപദേശനിർദ്ദേശങ്ങൾ**

## തഖ്വ

ഒരു ഭാരവാഹി എന്ന നിലയ്ക്ക് തഖ്വയുടെ പന്തം കയ്യിലേന്തുകയും അന്ധകാരത്തിൽ മറ്റുള്ളവർക്കു വഴികാട്ടുകയും ചെയ്യുക എന്നുള്ളത് നിങ്ങളുടെ ഉത്തരവാദിത്തമാണ്.ഇത്തരത്തിൽ മറ്റുള്ളവർക്കു വഴിതെളിച്ചുകാണിക്കുന്നതിനായി നിങ്ങളുടെ പ്രവർത്തനശൈലി ഇസ്‌ലാമിക അദ്ധ്യാപനങ്ങളനുസരിച്ചുള്ളതായിരിക്കണം. *(റിഫ്രഷർ കോഴ്സ് പ്രഭാഷണം, 07/12/2016)*

## എളിമ

പ്രത്യേകമായും ഭാരവാഹികളുടെ അകതാരിൽ ഉണ്ടായിരിക്കേണ്ട ഒരു സവിശേഷഗുണം വിനയമാണ്. അല്ലാഹു ഇബാദുർറഹ്മാൻ അഥവാ റഹ്മാനായ അല്ലാഹുവിന്റെ ദാസന്മാരുടെ ലക്ഷണമായി ഇങ്ങനെ പറയുന്നു: يَمْشُوْنَ عَلَى الْاَرْضِ هَوْنًا

അവർ ഭൂമിയിൽ വിനയാന്വിതരായി നടക്കുന്നവരാണ്. (25:64)

ഇതിന്റേയും ഉന്നതമായ മാതൃക നമ്മുടെ ഭാരവാഹികളിൽ ഉണ്ടായിരിക്കണം. എത്രവലിയ ഭാരവാഹിത്വമാണോ ഒരാളുടെ പക്കലുളളത് അത്രയധികം അയാൾ സേവനമനോഭാവത്തിലും ജനങ്ങളെ കാണുന്നതിന്റെ അടിസ്ഥാനത്തിലും വിനയം കാണിക്കേണ്ടതാണ്. ഇതു തന്നെയാണ് പെരിമ. *(ഖുത്ബ ജുമുഅ 15/07/2016)*

## വീടുകളിൽ ഭാരവാഹികളെക്കുറിച്ച് മോശമായി സംസാരിക്കരുത്

അതുപോലെതന്നെ ഭാരവാഹികളോടും മുറബ്ബിമാരോടും ഞാൻ പറയാനാഗ്രഹിക്കുകയാണ് വീടുകളിൽ ഭാരവാഹികളെക്കുറിച്ച് നെ

ഗറ്റീവ് ആയിട്ടുള്ള കാര്യങ്ങൾ സംസാരിക്കരുത് എന്ന് ജമാഅത്തംഗങ്ങളിൽ നിന്നും ആഗ്രഹിക്കുമ്പോൾ പിന്നെ പ്രസിഡന്റുമാരും അമീർമാരും മറ്റു ഭാരവാഹികളും അതുപോലെ മുറബ്ബിമാരും എപ്പോഴും ഇക്കാര്യം പാലിക്കേണ്ടതാണ്. അതായത് അവരുടെ വീടുകളിലും ഒരാൾ മറ്റൊരാളെക്കുറിച്ച് നെഗറ്റീവ് ആയിട്ടുള്ള സംസാരങ്ങൾ ഉണ്ടാകരുത്. എന്നാൽ പോസിറ്റീവ് ആയിട്ടുള്ള കാര്യങ്ങൾ തീർച്ചയായും ആവാം. അതിലൂടെ മുറബ്ബിമാരുടെ തലമുറകളിലും ഭാരവാഹികളുടെ തലമുറകളിലും ജമാഅത്തു വ്യവസ്ഥിതിയോടും വാഖിഫീനെ സിന്ദഗികളോടും അതുപോലെ ഏതെങ്കിലും രൂപത്തിൽ ജമാഅത്തിനു സേവനം ചെയ്യുന്നവരോടുമുള്ള ആദരവ് ഉണ്ടാകുന്നതാണ്. *(ഖുത്ബ ജുമുഅ 10/03/2017)*

## കീഴിലുള്ളവരോടുള്ള സൽപെരുമാറ്റം

ഭാരവാഹികൾക്കുണ്ടായിരിക്കേണ്ട മറ്റൊരു സവിശേഷത കീഴുദ്യോഗസ്ഥരോട് നല്ല രീതിയിൽ പെരുമാറുക എന്നതാണ്. ജമാഅത്തിന്റെ മിക്ക ജോലികളും സന്നദ്ധസേവനമായിട്ടാണ് നടക്കുന്നത്. ജമാഅത്തംഗങ്ങൾ ജമാഅത്തിന്റെ പ്രവർത്തനങ്ങൾക്ക് സമയം നല്കുന്നു. അവർ സമയം നൽകുന്നത് അല്ലാഹുവിന്റെ തൃപ്തി കാംക്ഷിച്ചുകൊണ്ടും അവർക്ക് ജമാഅത്തിനോടു ബന്ധവും സ്നേഹവും ഉള്ളതുകൊണ്ടുമാണ്. ഭാരവാഹികളും തങ്ങളുടെ പ്രവർത്തകരുടെ വികാരങ്ങളെ മാനിക്കേണ്ടതും അവരോടു നല്ല രീതിയിൽ പെരുമാറേണ്ടതുമാണ്. ഇതുതന്നെയാണ് അല്ലാഹുവിന്റേയും കല്പന. പിന്നെ ഈ സൽപെരുമാറ്റത്തോടൊപ്പം തങ്ങളുടെ നാഇബുമാർക്കും കീഴിലുള്ളവർക്കും പ്രവർത്തനങ്ങൾ പഠിപ്പിച്ചു കൊടുക്കാൻ ശ്രമിക്കേണ്ടതുമാണ്. എങ്കിൽ മാത്രമേ ജമാഅത്തിന്റെ പ്രവർത്തനം നല്ലനിലയിൽ നടത്തുന്നതിന് എപ്പോഴും പ്രവർത്തകരെ ലഭിച്ചുകൊണ്ടിരിക്കുകയുള്ളൂ. *(ഖുത്ബ ജുമുഅ 15/07/2016)*

അമീർമാരും ഭാരവാഹികളും കേന്ദ്രത്തിലെ ജീവനക്കാരും തങ്ങളുടെ കീഴിലെ മേൽനോട്ടക്കാരായി നിയമിക്കപ്പെടുന്നവർ ശുദ്ധഹൃദയരും ജമാഅത്തിനോടുള്ള അനുസരണത്തിന്റെ ആത്മാവുള്ളവരും ജമാഅത്ത് വ്യവസ്ഥിതിയോട് ആദരവുള്ളവരും ആയിരിക്കുന്നതിനായി ദുആ ചെയ്തുകൊണ്ടിരിക്കുക. *(ഖുത്ബ ജുമുഅ 05/12/2003)*

## പ്രസന്ന ഭാവവും സൽസ്വഭാവവും

ഭാരവാഹികൾക്കുണ്ടായിരിക്കേണ്ട മറ്റൊരു സവിശേഷത പ്രസന്ന ഭാവവും സൽസ്വഭാവത്തോടുകൂടി പെരുമാറുകയുമാണ്. അല്ലാഹു പറയുന്നു: قُوْلُوْا لِلنَّاسِ حُسْنًا (2:84) ജനങ്ങളോടു സൗമ്യമായി സംസാരിക്കുകയും അവരോട് സൽസ്വഭാവത്തോടു കൂടി പെരുമാറുകയും ചെയ്യുക. ഇതും ഭാരവാഹികളിൽ ധാരളമായി ഉണ്ടായിരിക്കേണ്ട അടിസ്ഥാനപരമായ ഒരു സ്വഭാവമാണ്. തങ്ങളുടെ കീഴിലുള്ളവരോടും ഒന്നിച്ച് പ്രവർത്തിക്കുന്നവരോടും സംസാരിക്കുമ്പോൾ അതുപോലെതന്നെ മറ്റുള്ളവരോടു സംസാരിക്കുമ്പോഴും ഉന്നത ധാർമിക സ്വഭാവം പ്രകടമാകേണ്ടതാണ് എന്ന കാര്യം ശ്രദ്ധിക്കേണ്ടതാണ്. *(ഖുത്ബ ജുമുഅ 15/07/2016)*

## കാലത്തിന്റെ ഖലീഫയുടെ തീരുമാനങ്ങൾ പ്രാവർത്തികമാക്കുക

അമീർമാരോടും കേന്ദ്രഭാരവാഹികളോടും ഞാൻ പറയാനാഗ്രഹിക്കുകയാണ്, ജമാഅത്തിന്റെ അനുസരണത്തിന്റെയും പരസ്പര സഹകരണത്തിന്റെയും നിലവാരം വർദ്ധിപ്പിക്കാൻ നിങ്ങളാഗ്രഹിക്കുന്നുവെങ്കിൽ കാലത്തിന്റെ ഖലീഫയുടെ തീരുമാനങ്ങളെ ഹൃദയമിടിപ്പിനനുസരിച്ച് ഞരമ്പ് ചലിക്കുന്നതുപോലെ പ്രാവർത്തികമാക്കുക.ഈയൊരു നിലവാരം കരസ്ഥമാക്കിക്കഴിഞ്ഞാൽ പിന്നെ നോക്കുക ഒരു സാധാരണ അഹ്മദി എങ്ങിനെയാണ് അനുസരിക്കുന്നത് എന്ന്. *(ഖുത്ബ ജുമുഅ 09/06/2006)*

## നിയമങ്ങളും ചട്ടങ്ങളും മനസ്സിലാക്കുക

ഞാൻ പറഞ്ഞതുപോലെ, നിയമങ്ങളും ചട്ടങ്ങളുമടങ്ങിയ പുസ്തകം എല്ലാ ഭാരവാഹികളും നോക്കേണ്ടതും തങ്ങളുടെ വകുപ്പിന്റെ പ്രവർത്തനങ്ങളെ കുറിച്ച് അറിവ് കരസ്ഥമാക്കേണ്ടതുമാണ്. ഓരോരുത്തർക്കും തങ്ങളുടെ പ്രവർത്തനപരിധിയുടെ അറിവ് ഉണ്ടായിരിക്കണം. പലപ്പോഴും ഭാരവാഹികൾക്ക് തങ്ങളുടെ പരിധികളെ കുറിച്ചും അറിവുണ്ടായിരിക്കുകയില്ല. ഒരു വകുപ്പ് ഒരു ജോലി ചെയ്യുന്നുണ്ടാകും. എന്നാൽ, നിയമങ്ങളിലും ചട്ടങ്ങളിലും വേറെ വകുപ്പിലായിരിക്കും ആ ജോലി എഴുതിയിട്ടുണ്ടാകുക. അല്ലെങ്കിൽ

ചിലപ്പോൾ പ്രവർത്തനങ്ങൾ സംബന്ധിച്ച് നേരിയ വ്യത്യാസമേ ഉണ്ടായിരിക്കുകയുള്ളു. അത് പരിഗണിക്കാതെ രണ്ടു വകുപ്പുകൾ, ഒന്ന് മറ്റെന്നിന്റെ പരിധിയിൽ കടന്നുകൊണ്ടിരിക്കും. *(ഖുത്ബ ജുമുഅ 15/07/2016)*

## കേന്ദ്രനിർദേശങ്ങൾ നടപ്പാക്കുക

കേന്ദ്രത്തിൽനിന്ന് വരുന്ന നിർദേശങ്ങളും സർക്കുലറുകളും ത്വരിതഗതിയിലും പൂർണശ്രദ്ധയോടേയും നടപ്പിൽവരുത്തുകയും തങ്ങളുടെ ജമാഅത്തുകൾ മുഖേന നടപ്പിൽ വരുത്തിക്കുകയും ചെയ്യേണ്ടതും അമീർമാരുടേയും പ്രസിഡന്റുമാരുടേയും ജമാഅത്ത് സെക്രട്ടറിമാരുടേയും വളരെ പ്രധാനപ്പെട്ട കർത്തവ്യമാണ്. ചില ജമാഅത്തുകളെ കുറിച്ച് അവർ കേന്ദ്ര നിർദേശപ്രകാരം പൂർണ മായും പ്രവർത്തിക്കുന്നില്ലെന്ന പരാതികൾ ലഭിക്കാറുണ്ട്. ഏതെ ങ്കിലും നിർദേശത്തെ സംബന്ധിച്ച് ഏതെങ്കിലും പ്രത്യേക രാജ്യ ത്തിലോ ജമാഅത്തിലോ രാജ്യത്തിന്റെ അവസ്ഥകൾ കാരണത്താ ൽ എന്തെങ്കിലും നിയന്ത്രണമുണ്ടെങ്കിൽ പോലും ഉടൻതന്നെ കേ ന്ദ്രവുമായി ബന്ധപ്പെട്ട് അവസ്ഥകൾക്കനുസരിച്ച് അതിൽ മാറ്റം വരുത്താൻ അപേക്ഷിക്കേണ്ടതാണ്. ഇത് ജമാഅത്ത് അമീറിന്റേ യും പ്രസിഡന്റിന്റേയും ജോലിയാണ്. പക്ഷേ, തങ്ങളുടെ ബുദ്ധി പ്രയോഗിച്ചുകൊണ്ട് പ്രസ്തുത നിർദ്ദേശം ഒരുഭാഗത്ത് പൂഴ്ത്തി വയ്ക്കുകയും അത് നടപ്പിൽ വരുത്താതിരിക്കുകയും കേന്ദ്രത്തെ അറിയിക്കാതിരിക്കുകയും ചെയ്യുന്നത് ഒരു തരത്തിലും ശരിയല്ല. ഏതെങ്കിലും അമീർ അല്ലെങ്കിൽ സദ്റിന്റെ ഇത്തരം പ്രവർത്തനം കേന്ദ്രത്തെ അവഗണിക്കലായി ഗണിക്കപ്പെടുന്നതും തൽസംബ ന്ധമായി കേന്ദ്രം നടപടികൾ കൈക്കൊള്ളാനും സാദ്ധ്യതയുണ്ട്. *(ഖുത്ബ ജുമുഅ 15/07/2016)*

## മുറബ്ബിമാരെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുക

മുബല്ലിഗുമാരോടും എല്ലാ വഖ്ഫെ സിന്ദഗികളോടുമുള്ള ആദ രവ് തങ്ങളുടെ ഹൃദയത്തിലും ജമാഅത്തംഗങ്ങളുടെ ഹൃദയങ്ങ

ളിലും ഉണ്ടാക്കിയെടുക്കുക എന്നത് പ്രസിഡന്റുമാരുടെയും അമീർമാരുടെയും ജോലിയാണെന്നല്ല മറിച്ച് അവരുടെ ഉത്തരവാദിത്വമാകുന്നു. മുബല്ലിഗുമാരെുടെയും വഖ്ഫെ സിന്ദഗികളുടെയും പദവിയും പ്രാധാന്യവും വ്യക്തമാകുന്നതിനും കൂടുതൽ യുവാക്കൾ ജമാഅത്തിന്റെ സേവനത്തിനായി തങ്ങളെ സമർപ്പിക്കുന്നതിനും അവരെ ആദരിക്കുകയും മറ്റുള്ളവരെക്കൊണ്ട് ചെയ്യിപ്പിക്കുകയും ചെയ്യുക എന്നുള്ളത് നിങ്ങളുടെ ജോലിയാണ്.

മുറബ്ബിമാരുടെ അന്തസ്സും ആദരവു നിലനിർത്തുക എന്നത് നിങ്ങളുടെ ജോലിയാണ് എന്ന് പ്രസിഡന്റുമാരോടും അമീർമാരോടും ഞാൻ പറയുകയാണ്. ഏതൊരു ജമാഅത്തിലും മുറബ്ബിമാരെ ആദരിക്കുന്ന അവരെ സഹായിക്കുന്നതോടൊപ്പം കാര്യങ്ങൾ അവരോടു കൂടയാലോചിച്ചുകൊണ്ട് മുന്നോട്ടു പോവുന്ന പ്രസിന്റുമാരും അമീർമാരുമാണ് വേണ്ടത് അതുപോലെതന്നെ മറ്റു ഭാരവാഹികളും അവരുടെ പരിധിയിൽ മുറബ്ബിയുമായി സഹകരിക്കേണ്ടതാണ്. *(ഖുത്ബ ജുമുഅ 10/03/2017)*

## അധികാരങ്ങളെയും പരിധികളെയും കുറിച്ചുള്ള നിർദ്ദേശങ്ങൾ

നമ്മുടെ ലക്ഷ്യം ഒന്നുതന്നെയാണ് അതായത്, ജമാഅത്തംഗങ്ങളുടെ ശിക്ഷണം വിദ്യാഭ്യാസം, ജമാഅത്ത് വ്യവസ്ഥിതിയോടുള്ള ആദരവ് നിലനിർത്തുക, ഖിലാഫത്തുമായി ബന്ധമുണ്ടാക്കുക,തൗഹീദ് നിലനാട്ടുക, ഇസ്‌ലാമിന്റെ യഥാർത്ഥ അദ്ധ്യാപനത്തെ ലോകത്ത് പ്രചരിപ്പിക്കുക ഇതിൽ അധികാരപരിധികളെ സംബന്ധിച്ചുള്ള ചോദ്യമെന്തിനാണ്. പരസ്പരം ഒന്നായിക്കൊണ്ട് പ്രവർത്തിക്കുക. തൽസംബന്ധമായി *തആവനൂ അലൽബിർറി വത്തഖ് വാ* എന്ന് അല്ലാഹുവിന്റെ അടിസ്ഥാനപരമായിട്ടുള്ള ഈ നിർദ്ദേശത്തെ മുന്നിൽവയ്ക്കുക. അതായത്,നൻമയുടെയും തഖ്‌വയുടെയും കാര്യത്തിൽ പരനസ്പരം സഹായിക്കുക. ജമാഅത്തിനു സേവനം ചെയ്യുവാൻ സൗഭാഗ്യം കിട്ടുക എന്നത്- അതേതു രൂപത്തിലാണെങ്കിലും ശരി-അതിലുപരിയായി മറ്റൊരു നൻമയുമില്ല.സേവനം ചെയ്യുന്നതിനായി തഖ്‌വയും ആവശ്യമാണ്. *(ഖുത്ബ ജുമുഅ 10/03/2017)*

## പ്രസിഡന്റ്/അമീർ ജമാഅത്തിന്റെ ഉത്തരവാദിത്വം

ഏറ്റവും ആദ്യം അമീർമാരും പ്രസിഡന്റുമാരും അവരുടെ മാതൃകകൾ ജമാഅത്തംഗങ്ങളുടെ മുന്നിൽ സ്ഥാപിച്ചു കാണിക്കുക. തർബിയ്യത്തിന്റെ ഉത്തരവാദിത്വമുള്ളത തർബിയ്യത്ത് സെക്രട്ടറിമാർ, തർബിയ്യത്തിന്റെ പ്രവർത്തനവും മാതൃക സ്ഥാപിച്ചുകാണിക്കുന്നതിലൂടെയാണ് നടക്കുക. ജോലി ചെയ്യേണ്ടവരാരാണോ, ആരുടെ ഉത്തരവാദിത്വമാണോ, മറ്റുള്ളവരെ ഉപദേശിക്കേണ്ടവരാണോ എങ്കിൽ സ്വയം ആ പ്രവൃത്തിചെയ്യുന്നവരായിത്തീരുക.ആയതിനാൽ തർബിയ്യത്ത് സെക്രട്ടറിമാർ ജമാഅത്തംഗങ്ങൾക്കു മുന്നിൽ മാതൃക കാണിക്കുക. എന്തെന്നാൽ ജമാഅത്തിന്റെ തർബിയ്യത്തിന്റെ ചുമതല അവരിൽ നിക്ഷിപ്തമാണ്.*(ഖുത്ബ ജുമുഅ 15/07/2016).*

## ജമാഅത്തു വ്യവസ്ഥിതിയും ജമാഅത്തിന്റെ ഖിലാഫത്തു വ്യവസ്ഥിതിയും

ഹദ്റത്ത് മസീഹ് മൗഊദ്(അ)നുശേഷം ജമാഅത്തിൽ ഖിലാഫത്ത് വ്യവസ്ഥിതി തുടർന്നു എന്നത് ജമാഅത്തിന്റെ മേലുള്ള അല്ലാഹുവിന്റെ മഹത്തായ കാരുണ്യമാണ്.ഈ ഖിലാഫത്തു വ്യവസ്ഥിതിക്കു ചുറ്റും ജമാഅത്തിന്റെ ഒറ്റപ്പെട്ട ചെറിയ പ്രദേശം തൊട്ട് നഗര,രാഷ്ട്രതലത്തിലുള്ള എല്ലാം വ്യവസ്ഥാപിതമായി കറങ്ങിക്കൊണ്ടിരിക്കുന്നു.അതായത് ഒരു ചെറിയ ജമാഅത്തിലെ പ്രസിഡന്റ് മുതൽ ഒരുരാജ്യത്തിന്റെ അമീർ വരെ നേരിട്ടോ അല്ലാതെയോ കാലത്തിന്റെ ഖലീഫയുമായി ബന്ധമുണ്ടാകുന്നു.കൂടാതെ ഓരോരുത്തർക്ക് വ്യക്തിപരമായ നിലയിലും ബന്ധപ്പെടാൻ സാധിക്കുന്നതാണ്. ഓരോ ജമാഅത്തംഗത്തിനും കാലത്തിന്റെ ഖലീഫയുമായി ബന്ധം സ്ഥാപിക്കാൻ സാധിക്കും. *(ഖുത്ബ ജുമുഅ 31/12/2004).*

## ക്ഷമയും സഹനവും

ഈയൊരു കാര്യംകൂടി എല്ലാ ഭാരവാഹികളും ഓർമ്മ വയ്ക്കുക, അതായത്, തനിക്കെതിരായിട്ടു തന്നെയോ അല്ലെങ്കിൽ ഏതെങ്കിലും ഭാരവാഹിക്കെതിരായിട്ടോ എന്തെങ്കിലും പരാതി ലഭിക്കുക

യോ അതല്ലെങ്കിൽ അവർക്കെതിരായി തന്റെ മുന്നിൽ വച്ചു സംസാരിക്കുകയോ ചെയ്യുന്നതായാൽ അതു കേൾക്കുവാനുള്ള ധാര്യമുണ്ടായിരിക്കണം. ഭാരവാഹികൾക്കാണ് ഏറ്റവും കൂടുതൽ സഹനശക്തിയുണ്ടാകേണ്ടത്. സംസാരിക്കുന്നയാളോടു പകരംചോദിക്കുന്നതിനു പകരം ഏറ്റവും ആദ്യം സ്വന്തം ഇസ്‌ലാഹിനുവേണ്ടി ശ്രമിക്കുക.എന്നിൽ ആ തിൻമയുണ്ടോ എന്നു സ്വയം പരിശോധന നടത്തേണ്ടതാണ്.അതുപോലെ ഈ പറയുന്നത് ഈ പറയുന്നത് ശരിയാണോ സത്യമാണോ എന്നു നോക്കേണ്ടതും നീതിയുടെ തേട്ടം പൂർത്തിയാക്കാൻ അത്യാവശ്യമായിട്ടുള്ള കാര്യമാണ്. *(ഖുത്ബ ജുമുഅ 10/03/2017).*

എപ്പോഴും ജമാഅത്തു വ്യവസ്ഥിതിയോടുള്ള അനുസരണവും അതിനോടു ബന്ധപ്പെട്ടിരിക്കുന്നതിലമാണെന്ന് എപ്പോഴും ഓർക്കുക.അതുകൊണ്ടുതന്നെ ആർക്കെങ്കുലുമെതിരായി എന്തെങ്കിലും വിധിയുണ്ടായാൽതന്നെ ഞാൻ മുൻപു പറഞ്ഞപ്രകാരം ക്ഷമ കാണിക്കുക.അക്ഷമരാകരുത്. *(ഖുത്ബ ജുമുഅ 05/12/2013)*

## ജമാഅത്തിന്റെ ഭാരവാഹി കാലത്തിന്റെ ഖലീഫയുടെ പ്രതിനിധി

അഹ്മദിയ്യാ ജമാഅത്തിൽ ഭാരവാഹികളെ സ്റ്റേജുകളിൽ ഇരിക്കുന്നതിനും അഹങ്കാരത്തോടെ നടക്കുന്നതിനും വേണ്ടിയല്ല നിയമിക്കുന്നത്. മറിച്ച് സമുദായത്തിന്റെ നേതാവ് അവരുടെ സേവകനാകുന്നു എന്ന ചിന്തയോടെയാണ് നിയമിക്കുന്നത്. നമ്മൾ നമ്മുടെ യജമാനൻ നബി(സ)തിരുമേനിയെ അനുധാവനം ചെയ്തുകൊണ്ട് വളരെയധികം എളിമ കാണിക്കുകയും, ജനങ്ങളോട് സ്നേഹത്തോടെ പെരുമാറുകയും ചെയ്യേണ്ടതുണ്ട് എന്തെന്നാൽ ഖലീഫയ്ക്ക് ഓരോ രാജ്യത്തും ഓരോ നഗരത്തിലും അല്ലെങ്കിൽ ഓരോ മഹല്ലിലും പോയി ജനങ്ങളുടെ അവസ്ഥകളെക്കുറിച്ചു മനസ്സിലാക്കുക എന്നത് പ്രയാസകരമാണ്. ഈ ജമാഅത്ത് വ്യവസ്ഥിതി ഞാൻ പറഞ്ഞതുപോലെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെ സുദൃഢമായ അടിത്തറയിൽ സ്ഥാപിതമായിക്കഴിഞ്ഞിരിക്കുന്നു. എല്ലാ ഭാരവാഹികളും-അത് ശാഖാ സംഘടനകളുടേതാകട്ടെ ജമാഅത്തിന്റെ ഭാരവാഹിയാകട്ടെ -കാലത്തിന്റെ

ഖലീഫയുടെ പ്രതിനിധികളായി സ്വന്തം പ്രദേശങ്ങളിൽ നിയമിതരാണ്. അവരിൽനിന്നും പ്രതീക്ഷിക്കുന്നതും അവരെക്കുറിച്ചു ചിന്തിക്കുന്നതും ഇതു തന്നെയാണ്-അവർ കാലത്തിന്റെ ഖലീഫയുടെ പ്രതിനിധികളാണ്. അഥവാ അവർ അവരുടെ പ്രദേശത്തുള്ള അഹ്മദികളുടെ അവകാശങ്ങൾ നൽകുന്നില്ലായെങ്കിൽ അവരുടെ സുഖദുഖങ്ങളിൽ പങ്കാളികളാകുന്നില്ലായെങ്കിൽ,അവരോടു സ്നേഹത്തോടും സൗഹൃദത്തോടും പെരുമാറുന്നില്ലായെങ്കിൽ, അല്ലെങ്കിൽ കാലത്തിന്റെ ഖലീഫ ഏതെങ്കിലും പ്രശ്നത്തെക്കുറിച്ച് റിപ്പോർട്ട് ആവശ്യപ്പെടുമ്പോൾ അന്വേഷണം കൂടാതെ പൂർണ്ണ മറുപടി നൽകുന്നു അല്ലെങ്കിൽ വ്യക്തിപരമായ വിദ്വേഷം കാരണം -അല്ലാഹു നമ്മുടെ ഭാരവാഹികളിൽ അതുണ്ടാക്കാതിരിക്കട്ടെ-തെറ്റായ റിപ്പോർട്ടു നൽകുന്നു.അങ്ങനെ മുഴുവൻ ഭാരവാഹികളും കുറ്റക്കാരാകുന്നു. *(ഖുത്ബ ജുമുഅ 05/12/2003)*

## ജമാഅത്തിന്റെ ധനം സൂക്ഷിച്ചുചെലവഴിക്കുക

ഭാരവാഹികൾക്കുണ്ടായിരിക്കേണ്ട മറ്റൊരു പ്രത്യേകത ജമാഅത്തിന്റെ ധനം വളരെ ശ്രദ്ധയോടെ ചെലവഴിക്കുക എന്നതാണ്. യാതൊരു കാരണവശാലും ദുർവ്വിനിയോഗം ചെയ്യരുത്.അതുകൊണ്ടുതന്നെ ചിലവു കൂടുതലുള്ള വകുപ്പുകൾക്ക് ബജറ്റും കൂടുതലാണ്. അവർ തങ്ങളുടെ ബജറ്റിന്റെ കാര്യം മാത്രംനോക്കിയാൽ പോരാ. മറിച്ച് കുറഞ്ഞ ചിലവിൽ കൂടുതൽ കാര്യങ്ങൾ എങ്ങിനെ സാധിക്കാമെന്നു നോക്കണം. അതുകൊണ്ട് അമീർമാരും ബന്ധപ്പെട്ട് ഭാരവാഹികളും ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുക. *(ഖുത്ബ ജുമുഅ 12/04/2013)*

## വിധി നിർണയിക്കുന്ന രീതി

തീരുമാനമെടുക്കുന്ന സമയത്ത് അല്ലെങ്കില് ശുപാർശ ചെയ്യുന്ന സമയത്ത് എല്ലാതരം ബന്ധങ്ങൾക്കുമതീതമായി ശുപാർശ ചെയ്യേണ്ടതാണ്. ഏതെങ്കിലുമൊരു കാര്യത്തില് പെട്ടെന്ന് ദേഷ്യത്തിലാണെങ്കിൽ രണ്ടുദിവസം കാത്തു നിന്നശേഷം ശുപാർശ ചെയ്യുക. എന്തുകൊണ്ടെന്നാൽ യാതൊരു തരത്തിലുമുള്ള അവിവേഗവും സംഭവിച്ചു പോകരുത്. **(ഖുത്ബ ജുമുആ 10/11/2006)**

## വസിയ്യത്ത് വ്യവസ്ഥിതിയിൽ അംഗമാവുക

മജ്‌ലിസെ ആമിലയിയെ ഇതുവരെ അംഗങ്ങളായിട്ടില്ലാത്ത് ഭാരവാഹികൾ ആദ്യം സ്വയം വസിയ്യത്ത് വ്യവസ്ഥിതിയിൽ അംഗങ്ങളാകുകയും അതിനു ശേഷം മറ്റുള്ളവരെ അംഗങ്ങളാക്കുകയും ചെയ്യുക. *(അൽഫസൽ 18/05/2005 പേജ് 3)*

## ശിക്ഷാനടപടികൾക്കു വിധേയരായി കഴിയുന്നവരെ ഇസ്‌ലാഹ് ചെയ്യേണ്ട രീതി

ശിക്ഷ ലഭിച്ചുകഴിയുമ്പോൾ വിധി അംഗീകരിക്കാത്ത ആളുകളുടെ പ്രിയപ്പെട്ടവർ അല്ലെങ്കിൽ സുഹൃത്തുക്കൾ അവോടു വിധി അംഗീകരിക്കുന്നതിലാണ് അനുഗ്രഹമുള്ളത് എന്നു പറഞ്ഞ് സമ്മർദ്ദം ചെലുത്തുന്നതിനു പകരം അനുവദനീയമല്ലാത്ത രീതിയിൽ അവരെ പിൻതുണയ്ക്കാൻ തുടങ്ങുന്നു.ഇത്തരത്തിൽ അനാവശ്യമായ പിന്തുണക്കലിലൂടെ ശിക്ഷ ലഭിച്ചവരുടെ സംസ്കരണം (ഇസ്‌ലാഹ്)സാധ്യമാകുകയില്ല. അയാൾക്കറിയാം എനിക്കും ഒരു ഗ്രൂപ്പുണ്ട് എന്നോടടുപ്പമുള്ളവർ ഞാൻ പറയുന്നതിനോടു അനിഷ്ടം കാണിക്കുകയില്ലാ. ഞാനെപ്പോഴും സഹവസിക്കുന്ന സമൂഹം ഇക്കാര്യത്തെ വെറുക്കുന്നില്ല.അങ്ങിനെ ചിന്തിക്കുകയാണെങ്കിൽ ഇസ്‌ലാഹ് (സംസ്കരണം) നടക്കുകയില്ല. ഇനി നടക്കുകയാണെങ്കിൽ തന്നെ വളരെ താമസിച്ചായിരിക്കും. അതുകൊണ്ടുതന്നെ ഇസ്‌ലാഹിനുള്ള കല്പനയുണ്ടെങ്കിൽ അത് എല്ലാവർക്കും മൊത്തം സമൂഹത്തിനുള്ള ഒരു കല്പനയാണ്. ആർക്കെങ്കിലുമെതിരായി ശിക്ഷാനടപടി നേരിടുകയാണെങ്കിൽ മൊത്തം സമൂഹം അവരിൽ സമ്മർദ്ദം ചെലുത്തുക. അവരുടെ ഇസ്‌ലാഹിനുവേണ്ടി പരിശ്രമിക്കുയാണ് വേണ്ടത്. അല്ലാതെ അനുവദനീയമല്ലാത്ത പിൻതുണയല്ല. *(ഖുത്ബ ജുമുഅ 17/09/2004)*

## ഭാരവാഹികൾക്കു താടി ഉണ്ടായിരിക്കണം

ഭാരവാഹികൾക്ക് എന്തെങ്കിലുമൊക്കെ ബാഹ്യാടയാളങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. കുറഞ്ഞപക്ഷം അല്പം താടിയെങ്കിലും.

എന്തെങ്കിലുമൊക്കെ ബാഹ്യചിഹ്നങ്ങളിൽ ശ്രദ്ധിക്കുന്നയാളാണെന്ന് കാണുന്നവർക്കു തോന്നണം.

ജമാഅത്തു പ്രസിഡന്റിന് താടിയുണ്ടായിരിക്കേണ്ടത് നിർബന്ധമാണ്. ആർക്കെങ്കിലും വല്ലഅസുഖമുണ്ടെങ്കിലല്ലാതെ. അലർജിയാണെങ്കിൽ സീറോ നമ്പർ മെഷീൻ ഉപയോഗിക്കട്ടെ. ഏതായിരുന്നാലും ഭാരവാഹികൾക്ക് താടി ഉണ്ടായിരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. *(നാഷണൽ ആമില മീറ്റിങ് സ്പെയ്ൻ,അൽഫസൽ 29/04/2015)*

## ജമാഅത്തു വ്യവസ്ഥിതിയോടുള്ള ആദരവ്

അമീർമാരുടെയും പ്രസിഡന്റ്മാരുടെയും അതുപോലെ മറ്റു ഉദ്യോഗസ്ഥന്മാരുടെയും യഥാർത്ഥ ജോലി എന്നുള്ളത്, തങ്ങളുടെ ഉള്ളിലും മറ്റുള്ളവരിലും ജമാഅത്തു വ്യവസ്ഥിതിയോടുള്ള ആദരവുണ്ടാക്കുക എന്നതാകുന്നു. അതുപോലെതന്നെ മുഴുവൻ ജമാഅത്തംഗങ്ങളുടെയും ജോലിയാണ് തങ്ങളുടെയുള്ളിലും തങ്ങളുടെ തലമുറകളിലും ജമാഅത്ത വ്യവസ്ഥിതിയോടുള്ള ആദരവുണ്ടാക്കുക എന്നത്. *(ഖുത്ബ ജുമുഅ 05/12/2003)*

## മേലുദ്യോഗസ്ഥന്മാരെ ആദരിക്കുക

തങ്ങളേക്കാളും മുതിർന്ന ഭാരവാഹികളെ ആദരിക്കുക, അവരെ അനുസരിക്കുക എന്നതും നിർബന്ധമാണ്. അഥവാ നിങ്ങൾക്ക് നിങ്ങളുടെ മേലുദ്യോഗസ്ഥനിൽ നിന്നും എന്തെങ്കിലും ജോലി ഏല്പിക്കപ്പെടുകയും തൽസംബന്ധമായി നിങ്ങൾക്കു വല്ല പരാതിയുമുണ്ടെങ്കിൽ തന്നെ ആദ്യം അനുസരണത്തോടെ ആ ജോലി ചെയ്യുക പിന്നീട് പറയുക ഞാൻ താങ്കളുടെ ഇക്കാര്യത്തെക്കുറിച്ച് കേന്ദ്രത്തോടോ കാലത്തിന്റെ ഖലീഫയ്ക്കോ പരാതിപ്പെടുന്നതാണ്. *(അൽഫസൽ ഇന്റർനാഷണൽ 07/07/2006 പേജ് 2)*

## യോഗതീരുമാനങ്ങൾ സൂക്ഷിപ്പുമുതലാകുന്നു

നിങ്ങളുടെ യോഗങ്ങളിലേയും സദസ്സുകളിലെയും കാര്യങ്ങൾ

സുരക്ഷിതമാക്കി വയ്ക്കുക. അടിസ്ഥാനപരമായ ഒരു കാര്യമാകുന്നു അത്.സദസ്സിലെ കാര്യങ്ങൾ വിശ്വസ്തതയിലധിഷ്ഠിതമാകുന്നു. അക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. *(അൽഫസൽ ഇന്റർനാഷണൽ 2006 ജൂലൈ 7 പേജ്2)*

ഹദ്റത്ത് മീർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്,

ഖലീഫത്തുൽ മസീഹ് സാനി(റ) പറയുന്നു.

ഓർത്തുകൊള്ളുക നിങ്ങളിലാർക്കെങ്കിലും ജമാഅത്തിന്റെ ഒരു ജോലി ഏല്പിക്കപ്പെട്ടാൽ അതിൽ നിന്നും ഓടിയൊളിക്കൽ വലിയ അപരാധമാകുന്നു. ജമാഅത്തിന്റെ ജോലിചെയ്യുന്നതിൽ യാതൊരു തരത്തിലുള്ള അലംഭാവവും കാണിക്കരുത്. അതിനെ അഭിമാനത്തിനുള്ള വകയായി കരുതുക. ജമാഅത്തിന്റെ ജോലിയെ നിങ്ങൾ അന്തസ്സോടെ കാണുകയാണെങ്കിൽ അല്ലാഹുവും നിങ്ങളെ അന്തസ്സുള്ളവരാക്കുന്നതാണ്..........ആ ആദരവ് കിട്ടിക്കഴിഞ്ഞാൽ തങ്ങളുടെ കാലത്ത് ജമാഅത്തിന്റെ ജോലിയിൽ അഹംഭാവം കാണിച്ചിട്ടുള്ളവരുടെ മക്കൾ ആ അഭിമാനത്തിൽ നിന്നും അകറ്റപ്പെടുന്നതാണ്. അതുകൊണ്ട് ഇനിയെങ്കിലും സൂക്ഷിക്കുക ജമാഅത്തിന്റെ ജോലികൾ എല്ലായിപ്പോഴും അന്തസ്സായി കരുതുക. നിങ്ങളിലാരെയെങ്കിലും ജമാഅത്തിന്റെ ഏതെങ്കിലും ജോലി ഏല്പിക്കപ്പെട്ടാൽ  അല്ലാഹു നിങ്ങൾക്ക് വലിയൊരു പദവി നൽകി അനുഗ്രഹിച്ചിരിക്കുന്നു എന്ന് മനസ്സിലാക്കിക്കൊള്ളുക. *(ഖുത്ബാത്തെ ശൂറ വാള്യം 3 പേജ് 603)*

ആയതിനാൽ ജമാഅത്തിനുള്ള സേവനത്തിന് വിലവയ്ക്കാതിരിക്കുക, ആവശ്യമില്ലാതെ രാജി സമർപ്പിക്കുക, ഇതെല്ലാം തികച്ചും അനിഷ്ടകരമായ കാര്യമാകുന്നു. പിന്നീട് ഇത്തരം വ്യക്തികൾ ഭാവിയിലും സേവനത്തിൽ നിന്നും അകറ്റപ്പെടുന്നതാണ്.

# ചില സുപ്രധാന പൊതു നിർദ്ദേശങ്ങൾ

1. സെക്രട്ടറിമാർ അവരുടെ പരിധിയിൽ പ്രാദേശിക സദർ/ അമീറുമായി കൂടിയാലോചിച്ച് കാര്യങ്ങൾ ചെയ്യേണ്ടതാണ്. എല്ലാ മാസവും അതതു വകുപ്പുമായി ബന്ധപ്പെട്ട് റിപ്പോർട്ട് അമീർ,പ്രസിഡന്റിന് നൽകുകയും അതിന്റെ ഒരു കോപ്പി ഖാദിയാനിൽ ബന്ധപ്പെട്ട് ഓഫീസിലേക്ക് അയക്കുക. എല്ലാ ജമാഅത്തുകളിലും സെക്രട്ടറി മാൽ പ്രവർത്തനനിരതരായി ജോലി ചെയ്യുന്നതുപോലെ എല്ലാ സെക്രട്ടറിമാരും ബന്ധപ്പെട്ട നസാറത്തിന്റെ നിർദ്ദേശ പ്രകാരം പ്രവർത്തനങ്ങൾ മുന്നോട്ടു വയ്ക്കുക. അപ്പോൾ മാത്രമേ ഭാരവാഹിത്വം നല്ല രീതിയിൽ പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ. അല്ലാത്ത പക്ഷം വെറും സ്ഥാനത്തിരിക്കുകയും പ്രവൃത്തിയിൽ ഒന്നും കാണിക്കാതിരിക്കുകയുമാണെങ്കിൽ അത് വിശ്വാസ വഞ്ചന കാണിക്കുന്നതു പോലെയാകും. അല്ലാഹു എല്ലാ ഭാരവാഹികളെയും ഇത്തരം വഞ്ചനയിൽ നിന്നും സംരക്ഷിക്കുമാറാകട്ടെ. ആമീൻ.

2.കേന്ദ്രത്തിൽ നിന്നും നാസിർമാരും കേന്ദ്ര പ്രതിനിധികളും ജമാഅത്തുകൾ സന്ദർശിക്കുമ്പോൾ അവർക്കുള്ള ഹുസൂറിന്റെ നിർദ്ദേശം ജമാഅത്തുകളുടെ മജ്ലിസെ ആമിലയുമായി മീറ്റിങ് നടത്തുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക. അതിനുവേണ്ടി നസാറത്തു ഉൽയായിൽ നിന്നും ഒരു പ്രോഫോർമ തയ്യാറാക്കിയിട്ടുണ്ട്. അത് ജമാഅത്തുസന്ദർശനവേളകളിൽ കയ്യിൽ കരുതുകയും അതനുസരിച്ച് പ്രവർത്തിച്ച് റിപ്പോർട്ട് അയയ്ക്കുകയും ചെയ്യുന്നു.

3.ജമാഅത്തിന്റെ അന്തസ്സിനും അഭിമാനത്തിനും കോട്ടം തട്ടുന്നതോ കേന്ദ്ര വ്യവസ്ഥിതിക്ക് ഏതെങ്കിലും തരത്തിലുള്ള മാനഹാനിക്കോ കാരണമാകുന്ന ഒരു പ്രവൃത്തിയും ഒരു ഭാരവാഹിയിൽ നിന്നും ഉണ്ടാകരുത്. അതുമല്ലെങ്കിൽ താങ്ങാൻ കഴിയാത്ത ഏതെങ്കിലും ജോലിയോ അതുല്ലെങ്കിൽ ജമാഅത്തിന്റെ ഏതെങ്കിലും ഉദ്ദേശ്യങ്ങൾക്ക് തടസ്സമാവുകയോ അതുപോലെ ഏതെങ്കിലും കുഴപ്പങ്ങളോ കലഹങ്ങളോ ഉണ്ടാകുമെന്ന ആശങ്കയുണ്ടാ

വുകയോ,ജമാഅത്തിന്റെ മറ്റു പ്രവർത്തനങ്ങൾക്കു നഷ്ടം സംഭവിക്കാൻ സാധ്യതയുണ്ടെന്നു ഭയക്കുകയോ ആരുടെയെങ്കിലും അവകാശങ്ങൾ ധ്വംസിക്കപ്പെടുകയോ ചെയ്യുന്ന് കാര്യങ്ങൾ തുടങ്ങിയവ.(ഒരുഭാരവാഹിയിൽനിന്നും ഉണ്ടാകരുത്(.

4. ഏതെങ്കിലും അമീറിനോ സദറിനോ ഏതെങ്കിലും സെക്രട്ടറിക്കോ കേന്ദ്രത്തിന്റെ അനുമതിയില്ലാതെ ഏതെങ്കിലും രാഷ്ട്രീയ പദവിയിലേക്കോ ഇലക്ഷനോ നിൽക്കാൻ പാടുള്ളതല്ല.

5. ഏതെങ്കിലും ഭാരവാഹിക്കോ ജമാഅത്തംഗത്തിനോ പ്രസ്സ്, മീഡിയയുടെ മുമ്പിൽ അനുവാദമില്ലാതെ ജമാഅത്തിന്റ നിലപാട് എന്ന നിലയിൽ തങ്ങളുടെ ഭാഗത്തുനിന്നും ഒന്നും വിവരിക്കാൻ അനുവാദമില്ല. അതുപോലെതന്നെ ഏതെങ്കിലും പത്രങ്ങളിലോ മാഗസിനുകളിലോ ലേഖനങ്ങൾ തുടങ്ങിയ പ്രസ്സ് റിലീസ് പ്രസിദ്ധീകരിക്കുവാൻ അനുവാദമില്ല. (Page no-66) കേന്ദ്ര അനുമതിയോടെ ജമാഅത്തിൽ നിശ്ചയിക്കപ്പെട്ട പ്രസ്സ് സെക്രട്ടറിക്കു മാത്രമേ അതിനനുവാദമുള്ളൂ.പത്രമാധ്യമങ്ങളിലും മാഗസിനുകളിലും ലേഖനങ്ങളും തുടങ്ങി പ്രസ്സ് റിലീസുകൾ പ്രസിദ്ധീകരിക്കുന്നതിന് കോന്ദ്ര പ്രസ്സ് ആന്റ് മീഡിയ വകുപ്പിൽ നിന്നും അനുവാദം വാങ്ങിയിരിക്കേണ്ടതാണ്.

6. പ്രാദേശിക ജമാഅത്തു പ്രസിഡന്റിന് സദർ അഞ്ചുമൻ അഹ്മദിയ്യായുടെ വസ്തുവോ സ്ഥാവര ജംഗമ സ്വത്തുക്കളോ ഒന്നും തന്നെ ഖലീഫത്തുൽ മസീഹിന്റെ അനുമതി കൂടാതെ വിൽക്കുവാനോ ദാനം ചെയ്യുവാനോ പണയം വയ്ക്കുവാനോ അനുവാദമുണ്ടായിരിക്കുന്നതല്ല. സദർ അഞ്ചുമൻ അഹ്മദിയ്യാ മുഖേനയായിരിക്കും ഈ അനുമതി വാങ്ങുക.

7. ഒരു പ്രാദേശിക ജമാഅത്തിനും യാതൊരു തരത്തിലുള്ള ചന്ദയും -അത് പ്രാദേശിക ചന്ദയാകട്ടെ അല്ലെങ്കിൽ മറ്റേതെങ്കിലും ഉദ്ദേശ്യാർത്ഥം പിരിച്ചെടുത്തതോ ആകട്ടെ- മാപ്പുചെയ്തുകൊടുക്കുവാൻ അധികാരവുമുണ്ടായിരിക്കുന്നല്ല.ഏതെങ്കിലും പ്രാദേശിക ജമാഅത്തിലെ പ്രസിഡന്റിനോ ഭാരവാഹിക്കോ ഏതെങ്കിലും ആവശ്യത്തിനുവേണ്ടി ജമാഅത്തംഗങ്ങളിൽനിന്നും സംഭാവനയ്ക്കു വേണ്ടി ആഹ്വാനം ചെയ്യാൻ അനുവാദമില്ല. അതിനായി മുൻകൂട്ടി നസാറത്ത് ബൈത്തുൽ മാൽ ആമദിൽ നിന്നും അനുവാദം വാങ്ങിയിരിക്കേണ്ടതാണ്.

8. ഏതെങ്കിലും പ്രാദേശിക മജ്ലിസെ ആമിലയിൽ ഏതെങ്കിലും വ്യക്തിയുടെ വ്യക്തിപരമായ ഏതെങ്കിലും പ്രശ്നം അവതരിപ്പിക്കപ്പെടുകയാണെങ്കിൽ ആ വ്യക്തി യോഗത്തിൽ സന്നിഹിതനായിരിക്കാൻ പാടുള്ളതല്ല. അത്തരം വ്യക്തി ആ യോഗത്തിന്റെ അദ്ധ്യക്ഷനാണെങ്കിൽ ആ പ്രശ്നം ചർച്ച ചെയ്യുന്നതിനായി അപ്പോഴുള്ള അംഗങ്ങളിൽ നിന്നും യോഗത്തിലെ സദറിനെ തെരെഞ്ഞെടുത്ത് പ്രശ്നം അവതരിപ്പിക്കപ്പെടുമ്പോൾ യോഗത്തിൽ നിന്നും സ്വയം പുറത്തു പോകേണ്ടതാണ്.

9. മജ്ലിസെ ആമില മെമ്പർമാർ മീറ്റിങ്ങിൽ ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങളും അഭിപ്രായങ്ങളും രഹസ്യമാക്കി വയ്ക്കേണ്ടത് നിർബന്ധമാണ്.

10.ഒരു ഭാരവാഹിക്കും പ്രതിനിധിയെ സ്വയം നിശ്ചയിക്കുവാൻ അനുവാദമില്ല പ്രാദേശിക സദർ/അമീറിനോട് അപേക്ഷിക്കേണ്ടതാണ്.

11. അമീർമാരുടെയും സദർമാരുടെയും ജില്ലാ അമീർമാരുടെയും അവധിയിൽ പോകുകയോ പുറത്തു എവിടെയെങ്കിലും പോകുകയോ ചെയ്യുമ്പോൾ പ്രതിനിധികളെ നിശ്ചയിക്കുന്നതു സംബന്ധമായി ഹുസൂറിന്റെ താഴെകൊടുക്കുന്ന നിയമനിർദ്ദേശങ്ങളാണുള്ളത്.

1.) ജമാഅത്ത് അമീർ,ജില്ലാ അമീർ രാജ്യത്തിനകത്തുതന്നെ അവധിയിൽ പോകുവാനുള്ള അപേക്ഷ നൽകിക്കഴിഞ്ഞാൽ, നാസിർ അഅ്ല സാഹിബിന് പ്രതിനിധിയെ നിശ്ചയിക്കാവുന്നതാണ്. രാജ്യത്തിനകത്തു തന്നെ ഒരാഴ്ചയിൽ കൂടുതൽ അവധിയെടുക്കുകയാണെങ്കിൽ ഖലീഫാ തിരുമനസ്സിൽ നിന്നും അനുമതി വാങ്ങേണ്ടതാണ്.

വിദേശത്തേക്കാണ് പോകുന്നതെങ്കിൽ മേൽപ്പറഞ്ഞ രണ്ടു സാഹചര്യത്തിലും കാലത്തിന്റെ ഖലീഫയിൽ നിന്നുതന്നെ അനുമതി വാങ്ങിയിരിക്കണം.

2.) ജമാഅത്ത് പ്രസിഡന്റ് ഇന്ത്യക്കു അകത്തോ പുറത്തോ അവധിയിൽ പോകുന്ന സാഹചര്യത്തിൽ പ്രതിനിധിയെ നിശ്ചയിക്കുവാനുള്ള അനുവാദം നാസിർ അഅ്ലാ സാഹിബ് നൽകുന്നതാണ്.അതിനായി മജ്ലിസെ ആമിലയിലെ ഏ

താനും മുതിർന്ന അംഗങ്ങളുടെ പേരുകൾ നാസിർ അഅ്ലായുടെ അടുക്കലേക്ക് അയക്കേണ്ടതാണ്.

**നോട്ട്**: ശുമാലി ഹിന്ദ് അഥവാ ഉത്തരേന്ത്യൻ ജമാഅത്തുകൾക്ക് നാസിർ അഅ്ലാ സാഹിബും ജുനുബി ഹിന്ദ് അഥവാ ദക്ഷിണോന്ത്യൻ ജമാഅത്തുകളുടെ നടപടിക്രമങ്ങൾ അഡീഷണൽ നാസിർ ഇസ്‌ലാഹോ ഇർഷാദും നോക്കുന്നതാണ്. (WTT-3714/21-04-16)

## കേന്ദ്രകമ്മിറ്റികൾ

ഹുസൂർ തിരുമനസ്സിന്റെ അംഗീകാരത്തോടെ ഖാദിയാനിൽ 70ൽ കൂടുതൽ കമ്മിറ്റികൾ സ്ഥാപിതമാണ്. ജമാഅത്തംഗങ്ങളുമായി ബന്ധപ്പെട്ട് കമ്മിറ്റികളെക്കുറിച്ച് അമീർമാരും പ്രസിഡന്റ്മാരും അറിഞ്ഞിരിക്കേണ്ടതാണ്.

അത്തരത്തിലുള്ള ചില കമ്മിറ്റികളെ പരിചയപ്പെടുത്തുകയാണ്.

**1. കേന്ദ്ര തഅ്മീറാത്തീ കമ്മിറ്റി–** ഈ കമ്മിറ്റി ജമാഅത്തിന്റെ പള്ളികൾ മിഷൻഹൗസുകൾ, ഖബർസ്ഥാൻ തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ നോക്കുന്നു. ഈ കമ്മിറ്റിയുടെ സദർ ജനാബ് ഷീറാസ് അഹ്മദ് സാഹിബും സെക്രട്ടറി ജനാബ് അഹ്സൻ ഗോറിസാഹിബും (നാസിം തഅ്മീറാത്ത്) ആകുന്നു.

**2. ബുയൂത്തുൽ ഹംദ് കമ്മിറ്റി–**ഈ കമ്മിറ്റി ദരിദ്രരും നിരാലംബരുമായ ജമാഅത്തംഗങ്ങളുടെ വീടുനിർമ്മാണത്തിനായും റിപ്പയറിങ്ങിനായും നൽകുന്ന അപേക്ഷകളിൻമേൽ നടപടിയെടുക്കുന്നതിനായിട്ടാണ്.ഇതിന്റെ സദ്ർ ജനാബ് നാസിർ ബൈത്തുൽ മാൽ ആമദും സെക്രട്ടറി ജനാബ് നാസിർ ഉമൂറെ ആമയുമാകുന്നു.

**3. ഖിദ്മത്തെ ഖൽഖ് കമ്മിറ്റി–** ഈ കമ്മറ്റി ചികിത്സാ സഹായം, സാന്ദർഭിക സഹായങ്ങൾ,സ്റ്റൈഫന്റുകൾ, വിവാഹധനസഹായങ്ങൾ എന്നിവയ്ക്കുള്ള അപേക്ഷകളുടെ മേൽ നടപടി സ്വീകരിക്കുന്നു. ഈ കമ്മിറ്റിയുടെ സദർജനാബ് ഷീറാസ് അഹ്മദ് സാഹിബും സെക്രട്ടറി ജനാബ് രിസ്‌വാൻ അഹ്മദ് മൽക്കാനാ സാഹിബും ആകുന്നു.

**4. കേന്ദ്ര ജായിദാദ് കമ്മിറ്റി–** ഈ കമ്മിറ്റി എല്ലാതരത്തിലുമുള്ള വസ്തുവകകൾ വിൽക്കൽ വാങ്ങൽ സംബന്ധമായ കാര്യങ്ങളിൽ നടപടികൾക്കായി ശുപാർശ ചെയ്യുന്നു.

ഈ കമ്മിറ്റിയുടെ സദർ ജനാബ് ശുഐബ് അഹ്മദ് സാഹിബും (നാസിർ ബയ്ത്തുൽ മാൽ ഖർച്ച്), സെക്രട്ടറി ജനാബ് എസ്. എം ബശീറുദ്ദീൻസാഹിബും(നാസിം ജായിദാദ്).

**5.കേന്ദ്ര പ്രസ്സ് ആന്റ് മീഡിയ കമ്മിറ്റി–** ഈ കമ്മിറ്റി ഹുസൂർ തിരുമനസ്സിന്റെ അനുമതിയോടെ കേന്ദ്ര പ്രസ്സ് ആന്റ് മീഡിയ ലണ്ടനിൽ നിന്നും റിലീസ് ചെയ്യുന്ന എല്ലാ ജമാഅത്തു പ്രസ് റിലീസുകളെയും ഇന്ത്യയിലെ പത്രങ്ങളിലും പ്രസിദ്ധീകരിക്കുന്നതിനും ചില പ്രധാന അവസരങ്ങളിൽ പ്രസ്സ് റീലീസ് പത്രങ്ങൾക്കു നൽകുന്നതിനും വേണ്ട നടപടികളെടുക്കുന്നു, ഇന്ത്യയിലെ വലിയ ടൗൺ ജമാഅത്തുകളിൽ അതിന്റെ ടീം തയ്യാറാക്കുക, ട്രെനിങ് നൽകുക, വലിയ നാഷണൽ പത്രങ്ങളും ടിവി ചാനലുകളുമായി ബന്ധം സ്ഥാപിക്കുക തുടങ്ങിയ കാര്യങ്ങളിൽ നടപടിയെടുക്കുന്നു. ഈ കമ്മിറ്റിയുടെ സദർ ജനാബ് ശീറാസ് അഹ്മദ് സാഹിബും സെക്രട്ടറിയും ഇൻചാർജ്ജും ജനാബ് താരീഖ് അഹ്മദ് സാഹിബും ആകുന്നു.

**6.കേന്ദ്ര ഇസ്ലാഹീ കമ്മിറ്റി –** നമസ്കാരം നിലനിർത്തുക, ഹുസൂറിന്റെ ഖുത്ബകൾ കേൾപ്പിക്കുന്നതിന്റെ മേൽനോട്ടം, കുട്ടികളെ കത്തുകൾ മുഖേന ഹുസൂറുമായുള്ള ബന്ധം നിലനിർത്തുക, അലഞ്ഞു തിരിഞ്ഞു നടക്കുന്നതു നിയന്ത്രിക്കുക,ഭാരവാഹികൾക്ക് അവർ മറ്റുള്ളവർക്കായി സഹാനുഭൂതിയുള്ളവാരായത്തീരും വിധം ശിക്ഷണം നൽകുക. കുടുംബപ്രശ്നങ്ങൾക്കു പരിഹാരം കാണുക, ജമാഅത്തുകളിലെ ഇസ്ലാഹീ കമ്മിറ്റിയുടെ മേൽനോട്ടം നിർവ്വഹിക്കുക. എന്നീ പ്രവർത്തനങ്ങൾ ഈ കമ്മറ്റിയുടേതാണ്. ഈ കമ്മിറ്റിയുടെ സദർ നാസിർ അഅ്ലാ ഖാദിയാനും സെക്രട്ടറി ജനാബ് നാസിർ ഇസ്ലാഹോ ഇർശാദുമാകുന്നു.

**7. ആബാദീ കമ്മിറ്റി–** ഖാദിയാനെ ജനസംഖ്യ വർദ്ധിപ്പിക്കുന്നതിനായി ഖാദിയാനിൽ വന്ന് താമസമാക്കുന്നവർക്ക് വീടും സ്ഥലവും വാങ്ങുന്നതിനുവേണ്ടിയുള്ള അപേക്ഷകളിൻമേൽ ഈ കമ്മിറ്റി നടപടിയെടുക്കുന്നു.ഈ കമ്മിറ്റിയുടെ സദർ ജനാബ് ഫസലുറഹ്മാൻ ഭട്ടി സാഹിബ് (നാസിർ ഉമൂറെ ആമ്മ)യും സെക്രട്ടറി ജനാബ് എസ്.എം ബഷീറുദ്ധീൻ സാഹിബ് നാസിം ജായിദാദദും ആകുന്നു.

**8. അർഹരായ വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് ധനസഹായത്തിനായിട്ടുള്ള തഅ്ലീമീ കമ്മിറ്റി-** അർഹരായ കുട്ടികൾക്ക് ധനസഹായം നൽകുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഈ വകുപ്പു കൈകാര്യം ചെയ്യുന്നു. ഈ കമ്മിറ്റിയുടെ സദർ ജനാബ് ശീറാസ് അഹ്മദ് സാഹിബ് നാസിർ തഅ്ലീം ആകുന്നു.

**9. ഹ്യൂമാനിറ്റി ഫസ്റ്റ് കമ്മിറ്റി-** ഇന്ത്യയിൽ നടക്കുന്ന പ്രകൃതി ദുരന്തങ്ങളിൽ ദുരന്തബാധിതരായ അഹ്മദികൾക്കും അഹ്മദികളല്ലാത്തവർക്കും റിലീഫ് എത്തിക്കുക തുടങ്ങിയ ജോലികൾ. ഈ കമ്മിറ്റിയുടെ സദർ ജനാബ് റഫീഖ് അഹ്മദ് ബേഗ്(നാഇബ് നാസിർ ഉമൂറെ ആമ), സെക്രട്ടറി ജനാബ് ശമീം അഹ്മദ് ഗോറിയും ആകുന്നു.

**10.പ്രസ്സ് കമ്മിറ്റി ദിഫായെ ഇസ്ലാം. (ഇസ്ലാമിനെ പ്രതിരോധിക്കുവാനായുള്ള പ്രസ്സ് കമ്മിറ്റി)-** ഈ കമ്മിറ്റിയുടെ ജോലി, പത്രങ്ങളിലും ഇലക്ട്രോണിക് മീഡിയകളിലും ഇസ്ലാമിനെതിരായിട്ടു പ്രസിദ്ധീകരിക്കപ്പെടുന്ന പ്രോഗ്രാമുകളെക്കുറിച്ച് വിവരം ലഭിച്ച് ഉടനെ അതിനുള്ള മറുപടി തയ്യാറാക്കി ഹുസൂറിൽ നിന്നും അനുവാദം വാങ്ങുകയും അതു പ്രസിദ്ധീകരിക്കുന്നതിനായി പ്രസ്സ് ആന്റ് മീഡിയയെ ഏല്പിക്കുക. ഈ കമ്മിറ്റിയുടെ സദർ ജനാബ് ഹാഫിസ് മഖ്ദൂം ശരീഫ് സാഹിബും(നാസിർ നശ്റോ ഇശാഅത്ത്), സെക്രട്ടറി ജനാബ് മുജാഹിദ് അഹ്മദ് ശാസ്ത്രിയുമാണ്.

**11. ലൈബ്രറി കമ്മിറ്റി-** ഇന്ത്യയിലെ ജമാഅത്തുകളിൽ ലൈബ്രറി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഈ വകുപ്പു കാകാര്യം ചെയ്യുന്നു. ഈ കമ്മിറ്റിയുടെ സദർ ജനാബ് മഖ്ദൂം ശരീഫ് സാഹിബ് (നാസിർ നശ്റോ ഇശാഅത്ത്) ആകുന്നു.

**12- കമ്മിറ്റി ബരായെ തൻസ്വീബെ ഡിഷ് എം.ടി.ഏ( എം.ടി.എ ഡിഷ് സ്ഥാപിക്കുന്നതിനായുള്ള കമ്മിറ്റി)-**ഇന്ത്യയിലെ ജമാഅത്തുകളിൽ പള്ളികൾ, മിഷൻ ഹൗസുകൾ,നമസ്കാര സെന്ററുകളിൽ ജമാഅത്തിന്റെ സംവിധാനത്തിൽ ഡിഷ്,ടിവി ആവശ്യാനുസരണം ഏർപ്പാടു ചെയ്തു കൊടുക്കുക. ഈ കമ്മിറ്റിയുടെ സദർ ജനാബ് ഹാഫിസ് മഖ്ദൂം ശരീഫ് സാഹിബ്(നാസിർ നശറോ ഇശാഅത്ത്), സെക്രട്ടറി ജനാബ് കെ.താരീഖ് അഹ്മദ് (ഇൻചാർജ് ആഡിയോ വീഡിയെ സെക്ഷൻ)ആകുന്നു.